# അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

## ഒറ്റനോട്ടത്തിൽ

| ഗ്രന്ഥകാരൻ | ബൈബിളിലെ | അദ്ധ്യായങ്ങൾ | വലിപ്പത്തിൽ |
|---|---|---|---|
| ലൂക്കൊസ് | 44-ആം പുസ്തകം | 28 | 11-ആം സ്ഥാനം |
| **എഴുതിയ കാലം** | **പുതിയനിയമത്തിലെ** | **വാക്യങ്ങൾ** | **പുതിയനിയമത്തിൽ** |
| എ.ഡി. 63 | 5-ആം പുസ്തകം | 1,005 | 3-ആം സ്ഥാനം |

### അദ്ധ്യായം 1

1. അപ്പൊസ്തല പ്രവൃത്തികളുടെ എഴുത്തുകാരൻ ലൂക്കൊസാണ്. അതെങ്ങനെ മനസ്സിലാക്കാൻ സാധിക്കും?
■ ലൂക്കൊസിന്റെ സുവിശേഷം എഴുതിയിരിക്കുന്ന ആൾക്കു തന്നെയാണ് അപ്പൊസ്തല പ്രവൃത്തികളും എഴുതിയിരിക്കുന്നത്. (തെയോഫിലൊസ് എന്നയാൾക്കാണ് അപ്പൊസ്തല പ്രവൃത്തികൾ എഴുതിയിരിക്കുന്നത്. ഇതേയാൾക്ക് മുമ്പൊരു ചരിത്രം എഴുതിയതായി 1:1-ൽ പറയുന്നുണ്ട്. അത് ലൂക്കൊസിന്റെ സുവിശേഷമാണ്).

2. യേശു കഷ്ടം അനുഭവിച്ച (ഉയിർത്തെഴുന്നേറ്റ) ശേഷം എത്രനാൾ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി?
■ നാല്പത് നാളോളം (1:2)

3. നാല്പതു നാളോളം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായത് എന്തിനാണ്?
■ താൻ ജീവിച്ചിരിക്കുന്നു എന്നു കാണിക്കാൻ (1:3).

4. യെരുശലേമിൽ നിന്ന് വാങ്ങിപ്പോകരുതെന്ന് ശിഷ്യന്മാരോട് പറഞ്ഞത് എന്തിനാണ്?
■ പിതാവ് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മ സ്നാനത്തിനായി (1:4,5).

5. പിതാവ് സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ളതെന്താണ്? ■ യിസ്രായേലിന്റെ യഥാസ്ഥാപനം (1:6,7).

6. പരിശുദ്ധാത്മാവ് വരുമ്പോൾ ശിഷ്യന്മാർ യേശുവിനെ സാക്ഷിക്കുന്നതിന്റെ ക്രമം എങ്ങനെയാണ്?
■ യെഹൂദ്യ, ശമര്യ, ഭൂമിയുടെ അറ്റത്തോളം (1:8).

7. 'യേശു സ്വർഗ്ഗത്തിലേക്ക് പോയതുപോലെ മടങ്ങിവരും' എന്നു ആര് ആരോടു പറഞ്ഞു?
■ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ (ദൂതന്മാർ), ശിഷ്യന്മാരോട്. (1:11).

8. ദൂതന്മാർ ശിഷ്യന്മാരെ സംബോധന ചെയ്തത് എങ്ങനെയാണ്? ■ ഗലീലാ പുരുഷന്മാരെ (1:11).

9. യേശു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തിന്റെ പേരെന്താണ്? ■ ഒലിവുമല (1:12).

10. യെരൂശലേമിൽ നിന്ന് ഒലിവുമല വരെയുള്ള ദൂരം എത്രയാണ്?
■ ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരം. (1:12). [ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരം: ന്യായപ്രമാണം ലംഘിക്കാതെ ഒരു യഹൂദനു ശബ്ബത്തിൽ സഞ്ചരിക്കാവുന്ന പരമാവധി ദൂരമാണ് ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരം. റബ്ബികൾ ശബ്ബത്ത് ദിവസത്തെ യാത്രയ്ക്ക് നിശ്ചയിച്ചിട്ടുള്ള പരിധി ഒരാളുടെ വീട്ടിൽ നിന്നോ മറ്റു പാർപ്പിടങ്ങളിൽ നിന്നോ 2,000 മുഴം ആയിരുന്നു, ഇത് യോശുവ 3:4-ൽ കാണുന്ന പ്രസ്താവനയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. എന്നാൽ ഈ ദൂരം കൃത്യമാണെന്ന് പറയാൻ കഴിയില്ല. കാരണം, 2,000 മുഴം എന്നത് 914.4 മീറ്ററാണ്. അതായത്, ഒരു കി.മീറ്ററിൽ താഴെ മാത്രമേ വരുകയുള്ളൂ. എന്നാൽ, യെരുശലേമിൽനിന്ന് ഒലിവുമല വരെ മൂന്നു കി.മീ. (3,000 മീ.) ദൂരമുണ്ട്.]

11. യേശുവിന്റെ അമ്മയായ മറിയയോടും മറ്റു സ്ത്രീകളോടുമൊപ്പം ശിഷ്യന്മാർ പ്രാർത്ഥന കഴിച്ചുപോന്നത് എവിടെയാണ്? ■ മാളികമുറിയിൽ (1:13,14).

12. യൂദയെക്കുറിച്ചു പരിശുദ്ധാത്മാവു ദാവീദ് മുഖാന്തരം മുൻപറഞ്ഞ തിരുവെഴുത്തിന്നു നിവൃത്തിവരുവാൻ ആവശ്യമായിരുന്നു. (1:16). ഏതാണ് ആ പ്രവചനഭാഗം?
■ സങ്കീർത്തനങ്ങൾ 41:9 "ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണസ്നേഹിതൻ പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു."

13. യൂദായുടെ മരണം എങ്ങനെയായിരുന്നു?
■ തലകീഴായി വീണു നടുവെ പിളർന്നു, കുടലെല്ലാം പുറത്തുവന്ന് (1:18).

14. എന്താണ് രക്തനിലം അഥവാ അക്കല്ദാമാ? ■ രക്തവില കൊടുത്തുവാങ്ങിയ നിലം (1:19, മത്താ, 27:6-

8). (യേശുവിനെ ഒറ്റിക്കൊടുത്തതിന്റെ പ്രതിഫലമാണ് (30 വെള്ളിക്കാശ്) രക്തവില. രക്തവില കൊടുത്തുവാങ്ങിയ സ്ഥലമാണ് രക്തനിലം അഥവാ അക്കല്ദാമാ).

15. അവന്റെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ; അതിൽ ആരും പാർക്കാതിരിക്കട്ടെഎന്നും അവന്റെ അദ്ധ്യക്ഷസ്ഥാനം മാറ്റൊരുത്തന്നു ലഭിക്കട്ടെഎന്നും 1:20-ൽ എഴുതിയിട്ടുണ്ട്? സങ്കീർത്തനത്തിലെ ഈ ഭാഗങ്ങൾ ഏതാണ്?■ സങ്കീർത്തനം 69:25; 109:8.

16. ആരൊക്കെയാണ് യൂദയ്ക്കു പകരമായി സ്ഥാനമേൽക്കാൻ നിർത്തപ്പെട്ടത്?
■ യുസ്തൊസ് എന്നു മറുപേരുള്ള ബർശബാ എന്ന യോസേഫ്, മത്ഥിയാസ് (1:23). (യുസ്തൊസ്, ബർശബാ, യോസഫ് ഇതിൽ ഒന്നെഴുതിയാൽ മതി).

17. ചീട്ടു വീണത് ആർക്കാണ്? ■ മത്ഥിയാസിന് (1:26).

18. എത്ര പേരുടെ കൂട്ടം കൂടിയാണ് മത്ഥിയാസിനെ തിരഞ്ഞെടുത്തത്? ■ ഏകദേശം 120 പേർ (1:15).

## അദ്ധ്യായം 2

19. പരിശുദ്ധാത്മാവ് അവരോഹണം ചെയ്തത് എന്നാണ്? ■ പെന്തെക്കൊസ്തു നാളിൽ (2:1).

20. പെന്തെക്കൊസ്തു നാളിന്റെ മറ്റു പേരുകൾ? ■ 1. വാരോത്സവം (പുറ, 34:22). പെസഹ കഴിഞ്ഞ് അമ്പതാം ദിവസമാണ് ഈ ഉത്സവം ആഘോഷിക്കുന്നത്. അതിനാലാണ് അമ്പതാം ദിവസം എന്ന അർത്ഥ ത്തിൽ ഈ പേര് ലഭിച്ചത്. 2. കൊയ്ത്തു പെരുനാൾ (പുറ, 23:16). 3. ആദ്യഫലദിവസം (സംഖ്യാ, 28:26).

21. ആത്മസ്നാനത്തിന്റെ മൂന്ന് അടയാളങ്ങൾ?
■ 1. വീടു മുഴുവൻ നിറച്ച ഒരു മുഴക്കം, 2. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ ഓരോരോത്തരുടെ മേലും പതിഞ്ഞു, 3. എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. (2:2:4).

22. മുഴക്കം കേട്ട് ഓടിക്കൂടിയ ഭക്തിയുള്ള യെഹൂദാ പുരുഷന്മാർ, എണ്ണത്തിൽ അവർ എത്ര വിഭാഗങ്ങൾ ഉണ്ടായിരുന്നു? ■ പതിനേഴ് (2:5-10). [1. പർത്ഥർ, 2. മേദ്യർ, 3. ഏലാമ്യർ, 4. മെസപ്പൊത്താമ്യ, 5. യെഹൂദ്യ, 6. കപ്പദോക്യ, 7. പൊന്തൊസ്യർ, 8. ആസ്യ, 9. പ്രുഗ്യ, 10. പംഫുല്യ, 11. മിസ്രയീം, 12. കുറേനെക്കു ചേർന്ന ലിബ്യാപ്രദേശം, 13. റോമയിൽ നിന്നു വന്നു പാർക്കുന്നവർ, 14. യെഹൂദന്മാർ, 15. യെഹൂദമതാനുസാരികൾ, 16. ക്രേത്യർ,17. അറബിക്കാർ].

23. ഓടിക്കൂടിയവർ താന്താങ്ങളുടെ ഭാഷയിൽ എന്താണ് കേട്ടത്? ■ ദൈവത്തിന്റെ വൻകാര്യങ്ങൾ (2:11).

24. ചിലർ പരിഹസിച്ച് പറഞ്ഞ കാര്യമെന്താണ്? ■ പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു. (2:13).

25. ചഞ്ചലിച്ചവരോടും പരിഹസിച്ചവരോടും അപ്പൊസ്തലന്മാരിൽ ആരാണ് എഴുന്നേറ്റുനിന്നു സംസാരിച്ചത്?
■ പത്രൊസ് (2:14).

26. അപ്പോൾ എത്രാം മണി നേരമായിരുന്നു? ■ പകൽ മൂന്നാം മണിനേരം (2:15). (രാവിലെ ഒൻപത് മണി).

27. 'അന്ത്യകാലത്ത് സകല ജഡത്തിന്മേലും ആത്മാവിനെ പകരും' എന്നു പ്രവചിച്ച പ്രവാചകൻ ആര്? വേദഭാഗം ഏത്? ■ യോവേൽ 2:28-32 (2:17-21).

28. "ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു; .......... നിന്റെ സന്നിധിയിൽ എന്നെ സന്തോഷ പൂർണ്ണനാക്കുംഎന്നു പ്രവചിച്ചതാരാണ്? വേദഭാഗം ഏതാണ്?
■ ദാവീദ്, സങ്കീർതനം 16:8-11 (2:25-28).

29. ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്തു ഇരിക്ക എന്നു കർത്താവു എന്റെ കർത്താവിനോടു അരുളിച്ചെയ്തുഈ വേദഭാഗം ഏതാണ്? ■ സങ്കീർത്തനം 110:1 (2:35).

30. യെഹൂദന്മാർ ക്രൂശിച്ച യേശുവിനെ ദൈവം അവർക്ക് ആരാക്കി വെച്ചു?
■ കർത്താവും ക്രിസ്തുവും (2:36).

31. പരിശുദ്ധാത്മാവ് എന്ന ദാനം ലഭിപ്പാൻ എന്തു ചെയ്യാനാണ് പത്രൊസ് പറഞ്ഞത്?
■ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ (2:38).

32. പരിശുദ്ധാത്മാവെന്ന വാഗ്ദത്തത്തിന് അവകാശികൾ ആരൊക്കെയാണ്?

■ യെഹൂദന്മാരും അവരുടെ മക്കളും, ദൈവം വിളിച്ചുവരുത്തുന്ന ഏവർക്കും (2:39).

33. പെന്തെക്കൊസ്തു നാളിൽ എത്രപേർ സ്നാനം ഏറ്റു? ■ 3,000 പേർ (2:41).

34. ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങൾ എത്ര? ഏതൊക്കെ? ■ ഏഴ് ഉപദേശങ്ങൾ, "അവന്റെ 'വാക്കു കൈക്കൊണ്ടവർ' (ദൈവവചനം കൈക്കൊള്ളുക) 'സ്നാനം ഏറ്റു' (സ്നാനപ്പെടുക) അന്നു മുവായിരത്തോളം പേർ 'അവരോടു ചേർന്നു.' (പ്രാദേശിക സഭയോടു ചേരുക) അവർ അപ്പൊസ്തലന്മാരുടെ 'ഉപദേശം കേട്ടും' (ഉപദേശം കേൾക്കുക) 'കൂട്ടായ്മ ആചരിച്ചും' (കൂട്ടായ്മ ആചരിക്കുക) 'അപ്പം നുറക്കിയും' (തിരുമേശയിൽ പങ്കുകൊള്ളുക) 'പ്രാർത്ഥന കഴിച്ചും' (പ്രാർത്ഥിക്കുക) പോന്നു."(2:41,42).

35. ആദ്യ ക്രൈസ്തവ സമൂഹം കൂടിവന്നത് എവിടെയാണ്?
■ ദൈവാലയത്തിൽ (2:46). (യെരുശലേം ദൈവാലയത്തിലെ ജാതികളുടെ പ്രാകാരത്തിൽ).

36. കർത്താവ് ദിനംപ്രതി രക്ഷിക്കപ്പെടുന്നവരെ എന്തു ചെയ്തിരുന്നു?
■ സഭയോടു ചേർത്തുകൊണ്ടിരുന്നു (2:46).

### അദ്ധ്യായം 3

37. അമ്മയുടെ ഗർഭം മുതൽ മുടന്തനായ മനുഷ്യനെ പത്രൊസും യോഹന്നാനും കണ്ടത് എത്രമണിക്കാണ്?
■ ഒമ്പതാം മണിനേരം (3:1). (ഉച്ചതിരിഞ്ഞ് മൂന്നുമണി).

38. മുടന്തനായ മനുഷ്യൻ ഇരുന്നിരുന്ന ദൈവാലയ ഗോപുരത്തിന്റെ പേരെന്ത്? ■ സുന്ദരം (3:2, 10).

39. 'വെള്ളിയും പൊന്നും എനിക്കില്ല; ..... യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക' എന്നു പറഞ്ഞതാരാണ്?
■ പത്രൊസ് (3:6).

40. മുടന്തനെ സൗഖ്യമാക്കിയ ശേഷം പത്രൊസ് എവിടെനിന്നാണ് പ്രസംഗിച്ചത്?
■ ശലോമോന്റെ മണ്ഡപത്തിൽ (3:11,12).

41. പരിശുദ്ധനും നീതിമാനുമായ യേശുവിനെ തള്ളിയിട്ട് ഏതു കുലപാതകനെയാണ് അവർ വിടുവിച്ചെടുത്തത്? ■ ബറബ്ബാസിനെ (3:14).

42. 'ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്ക് എഴുന്നേല്പിച്ചുതരും' എന്ന് ആരാണ് പറഞ്ഞത്? പ്രവചനഭാഗം ഏതാണ്? ■ മോശെ, ആവർത്തനം 18:15 (3:22).

43. 'ഭൂമിയിലെ സകലവംശങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും' ഇവിടെപ്പറയുന്ന സന്തതി ആരാണ്? പ്രവചനഭാഗം ഏതാണ്? ■ യേശുക്രിസ്തു, ഉല്പത്തി 22:18 - ഗലാ, 3:16 (3:25).

### അദ്ധ്യായം 4

44. പത്രൊസും യോഹന്നാനും ശലോമോന്റെ മണ്ഡപത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ആരൊക്കെയാണ് അവരെ പിടിക്കാൻ വന്നത്?
■ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും സദൂക്യരും. (4:1-3).

45. മഹാപുരോഹിതനായ ഹന്നാവിന്റെ കൂടെ മഹാപുരോഹിത വംശത്തിലുള്ള എത്രപേർ ഉണ്ടായിരുന്നു? ആരൊക്കെ? ■ മൂന്നുപേർ: കയ്യഫാവും യോഹന്നാനും അലെക്സന്തരും (4:6).

46. മഹാപുരോഹിതന്മാരും പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും അടങ്ങുന്ന സംഘത്തിന്റെ പേരെന്താണ്?
■ ന്യായാധിപസംഘം (4:15). (യെഹൂദന്മാരുടെ പരമോന്നത കോടതിയാണ് ന്യായാധിപസംഘം അഥവാ സൻഹെദ്രിൻ - Sanhedrin).

47. ന്യായാധിപസംഘം പത്രൊസിനെയും യോഹന്നാനെയും അവരുടെ നടുവിൽ നിർത്തി ചോദിച്ചതെന്താണ്?
■ ഏതു ശക്തികൊണ്ടോ ഏതു നാമത്തിലോ നിങ്ങൾ ഇതു ചെയ്തു (4:7).

48. ന്യായാധിപസംഘത്തിന് പത്രൊസ് കൊടുത്ത മറുപടി എന്താണ്? ■ നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനുമായി നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ (4:10).

49. വീടു പണിഞ്ഞവർ തള്ളിക്കളഞ്ഞ കല്ല് ആരാണ്? ■ യേശുക്രിസ്തു (4:11).

50. മനുഷ്യർക്ക് രക്ഷയ്ക്കായി നല്കിയിരിക്കുന്ന ഏകനാമം ഏതാണ്? ■ യേശുക്രിസ്തു (4:12).

51. പത്രൊസ് പറഞ്ഞ കാര്യങ്ങളോട് ന്യായാധിപസംഘത്തിലുള്ളവർക്ക് എതിർ പറവാൻ കഴിയാഞ്ഞതെന്തുകൊണ്ട്?
■ സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടുകൂടെ നില്ക്കുന്നതു കണ്ടതുകൊണ്ട് (4:14).

52. 'പ്രത്യക്ഷമായോരു അടയാളം അവർ ചെയ്തിരിക്കുന്നു എന്നു യെരൂശലേമിൽ പാർക്കുന്ന എല്ലാവർക്കും പ്രസിദ്ധമല്ലോ; നിഷേധിപ്പാൻ നമുക്കു കഴിവില്ല' എന്നു പറഞ്ഞത് ആരാണ്? ■ ന്യായാധിപസംഘം (4:16).

53. 'യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുതു, ഉപദേശിക്കയും അരുതു' എന്നു ന്യായാധിപസംഘം കല്പിച്ചത് ആരോടാണ്? ■ പത്രൊസിനോടും യോഹന്നാനോടും (4:18).

54. 'ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റേ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ' എന്ന് ആര് ആരോട് പറഞ്ഞു? ■ പത്രൊസും യോഹന്നാനും ന്യായാധിപസംഘത്തോട് (4:19).

55. സുന്ദരം ദൈവാലയ ഗോപുരത്തിങ്കൽ വെച്ച് പത്രൊസും യോഹന്നാനും സൃഖ്യമാക്കിയ മനുഷ്യന്റെ വയസ്സ് ഏത്രയാണ്? ■ 40-ലധികം വയസ്സ് (4:22).

56. പത്രൊസും കൂട്ടാളികളും ഒരുമനപ്പെട്ട് ദൈവത്തോട് നിലവിളിച്ചു പറഞ്ഞതിലെ പഴയനിയമ വേദഭാഗം ഏതാണ്? ■ സങ്കീർത്തനം 2:1,2 വാക്യങ്ങൾ (4:25,26).

57. ഏകഹൃദയവും ഏകമനസ്സും ഉള്ളവരും, തനിക്കുള്ളതു ഒന്നും സ്വന്തം എന്നു പറയാതിരുന്നതും ആരാണ്?
■ വിശ്വസിച്ചവരുടെ കൂട്ടം (4:32).

58. മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നത് ആരാണ്?
■ അപ്പൊസ്തലന്മാർ (4:33).

59. ബർന്നബാസ് എന്നു അപ്പൊസ്തലന്മാർ മറുപേർ വിളിച്ചത് ആരെയാണ്? ■ യോസേഫിനെ (4:36).

60. ബർന്നബാസ് എന്ന പേരിനർത്ഥം എന്താണ്? ■ പ്രബോധനപുത്രൻ (4:36).

61. ബർന്നബാസ് ഏതു ദേശക്കാരനാണ്? ■ കുപ്രദീപ് (4:36).

62. ബർന്നബാസിന്റെ ഗോത്രം ഏതാണ്? ■ ലേവിഗോത്രം (4:37).

63. ബർന്നബാസ് ചെയ്ത സൽപ്രവൃത്തി എന്താണ്?
■ തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു (4:37).

## അദ്ധ്യായം 5

64. അപ്പൊസ്തലന്മാരുടെ കാൽക്കൽ വെക്കാൻ നിലം വിറ്റ ഒരു കുടുംബം ഏതാണ്?
■ അനന്യാസും സഫീരയും (5:1).

65. ഭാര്യയുടെ അറിവോടെ നിലം വിറ്റതിൽനിന്ന് കുറെ എടുത്തു മാറ്റിയത് ആരാണ്? ■ അനന്യാസ് (5:2).

66. പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ച കുടുംബം ഏതാണ്? ■ അനന്യാസും സഫീരയും (5:3).

67. 'മനുഷ്യരോടല്ല ദൈവത്തോടത്രേ നീ വ്യാജം കാണിച്ചതു' എന്നു ആര് ആരോടു പറഞ്ഞു?
■ പത്രൊസ് അനന്യാസിനോട് (5:4).

68. അനന്യാസ് മരിച്ച് ഏകദേശം എത്ര മണിക്കൂറിനു ശേഷമാണ് സഫീര എത്തിയത്?
■ മൂന്നു മണിക്കൂർ (5:7).

69. 'കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തതു എന്തു?' എന്നു പത്രൊസ് ആരോടാണ് ചോദിച്ചത്? ■ സഫീരയോട് (5:9).

70. പത്രൊസിന്റെ കാൽക്കൽ വീണ് മരിച്ച സ്ത്രീ ആരാണ്? ■ സഫീര (5:10).

71. ആദിമസഭ ഏകമനസ്സോടെ കൂടിവന്നത് എവിടെയാണ്? ■ ശലോമോന്റെ മണ്ഡപത്തിൽ (5:12).

72. ആരുടെ നിഴൽ വീണാണ് രോഗികൾ സൗഖ്യമായിരുന്നത്? ■ പത്രൊസിന്റെ (5:15).

73. പത്രൊസിനെയും ശേഷം അപ്പൊസ്തലന്മാരെയും അസൂയ നിമിത്തം പൊതുതടവിൽ ആക്കിയത് ആരാണ്? ■ മഹാപുരോഹിതനും സദൂക്യരും (5:17).

74. 'നിങ്ങൾ ദൈവാലയത്തിൽ ചെന്നു ഈ ജീവന്റെ വചനം എല്ലാം ജനത്തോടു പ്രസ്താവിപ്പിൻ' എന്നു അപ്പൊസ്തലന്മാരോട് പറഞ്ഞത് ആരാണ്? ■ കർത്താവിന്റെ ദൂതൻ (5:19,20).

75. 'ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നു' എന്നു പറഞ്ഞത് ആരാണ്?
■ മഹാപുരോഹിതൻ (5:27,28).

76. യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ പ്രഭുവായും രക്ഷിതാവായും ദൈവം തന്റെ വലങ്കയ്യാൽ ഉയർത്തിയത് ആരെയാണ്? ■ യേശുവിനെ (5:31).

77. യേശുവിനെ ദൈവം രക്ഷിതാവാക്കി വെച്ചതിന് സാക്ഷികൾ ആരൊക്കെയാണ്?
■ അപ്പൊസ്തലന്മാരും പരിശുദ്ധാത്മാവും (5:32).

78. കോപപരവശരായി അപ്പൊസ്തലന്മാരെ ഒടുക്കിക്കളവാൻ ഭാവിച്ചത് ആരാണ്?
■ ന്യായാധിപസംഘം (5:33).

79. സർവ്വ ജനത്തിനും ബഹുമാനമുള്ള ധർമ്മോപദേഷ്ടാവായ പരീശൻ ആരാണ്? ■ ഗമാലീയേൽ (5:34).

80. താൻ മഹാൻ എന്നു നടിച്ചു; ഏകദേശം നാന്നൂറു പുരുഷന്മാരെ ഒപ്പം കൂട്ടിയതാരാണ്?
■ തദാസ് (Theudas) (5:36). [താൻ മശീഹയാണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് ത്യുദാസ് ജനത്തെ വശീകരിച്ചത്. ഇത് എ.ഡി. 6-ന് മുമ്പുള്ള ഒരു സംഭവമാണ്].

81. ചാർത്തലിന്റെ കാലത്തു എഴുന്നേറ്റു ജനത്തെ തന്റെ പക്ഷം ചേരുവാൻ വശീകരിച്ചു നശിച്ചുപോയവൻ ആരാണ്?
■ ഗലീലക്കാരനായ യൂദാ (5:37). (എ.ഡി. 6-ൽ റോമൻ ഭരണാധികാരികൾ യെഹൂദ്യയിൽ ജനസംഖ്യ എടുക്കുന്ന കാലത്ത് കലഹമുണ്ടാക്കിയ ഒരാൾ. കുറേന്യൊസ് ബലം പ്രയോഗിച്ച് ഇതിനെ അടിച്ചമർത്തി).

82. 'ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും; ദൈവികം എങ്കിലോ നിങ്ങൾക്കു അതു നശിപ്പിപ്പാൻ കഴികയില്ല' എന്നു ന്യായാധിപസംഘത്തെ ഉപദേശിച്ചതാരാണ്?
■ ഗമാലീയേൽ (5:38,39).

83. 'തിരുനാമത്തിന്നു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ സന്തോഷിച്ചത് ആരാണ്?
■ അപ്പൊസ്തലന്മാർ (5:41).

## അദ്ധ്യായം 6

84. തങ്ങളുടെ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു ആര് ആരോടാണ് പിറുപിറുത്തത്? ■ യവനഭാഷക്കാർ എബ്രായഭാഷക്കാരുടെ നേരെ (6:1).

85. മേശകളിൽ ശുശ്രൂഷ ചെയ്യാൻ തിരഞ്ഞെടുത്തവരുടെ യോഗ്യത എന്തായിരുന്നു?
■ ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ളവർ (6:3).

86. മേശകളിൽ ശുശ്രൂഷിക്കാൻ എത്രപേരെ തിരഞ്ഞെടുത്തു? അവർ ആരൊക്കെ?
■ ഏഴു പുരുഷന്മാർ (6:3), സ്തെഫാനൊസ്, ഫിലിപ്പൊസ്, പ്രൊഖൊരൊസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, നിക്കൊലാവൊസ് (6:5).

87. ഏഴുപേരിൽ യെഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ ആരാണ്? ■ നിക്കൊലാവൊസ് (6:5).

88. കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തത് ആരാണ്? ■ സ്തെഫാനൊസ് (6:8).

89. സ്തെഫാനൊസിനോടു തർക്കിച്ചവരിൽ ഏതു പള്ളിക്കാരാണ് ഉണ്ടായിരുനത്?
■ 'ലിബർത്തീനർ' എന്ന പള്ളിക്കാർ (6:9).

90. സ്തെഫാനോസിനോടു തർക്കിച്ചവരിൽ എത്ര ദേശക്കാരുണ്ടായിരുന്നു? ആരൊക്കെ?
■ നാലു ദേശക്കാർ; കുറേന, അലെക്സന്ത്രിയ, കിലിക്യ, ആസ്യ (6:9).

91. സ്തെഫാനൊസിനോട് തർക്കിച്ചവർക്ക് എന്തിനോടാണ് എതിർത്തു നില്പാൻ കഴിയാഞ്ഞത്?

■ അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവിനോടും (6:10).

92. 'ഇവൻ മോശെക്കും ദൈവത്തിന്നും വിരോധമായി ദൂഷണം പറയുന്നതു ഞങ്ങൾ കേട്ടു' എന്നു ആരെക്കുറിച്ചാണ് പറഞ്ഞത്? ■ സ്തെഫാനൊസിനെക്കുറിച്ച് (6:11).

93. ജനത്തേയും മൂപ്പന്മാരെയും ശാസ്ത്രിമാരെയും ഇളക്കി, സ്തെഫാനൊസിനെ പിടിച്ചു എവിടേക്കാണ് കൊണ്ടുപോയത്? ■ ന്യായാധിപസംഘത്തിന്റെ അടുക്കലേക്ക് (6:12).

94. ന്യായധിപസംഘത്തിൽ ഇരുന്നവർ സ്തെഫാനൊസിനെ ഉറ്റുനോക്കിയപ്പോൽ, അവന്റെ മുഖം എങ്ങനെയാണ് കണ്ടത്? ■ ഒരു ദൈവദൂതന്റെ മുഖംപോലെ (6:15).

**അദ്ധ്യായം 7**

95. ദൈവം അബ്രാഹാമിനു ആദ്യമായി പ്രത്യക്ഷമായത് എവിടെവെച്ചാണ്?
■ മെസൊപ്പൊത്താമ്യയിൽ വെച്ച് (7:1).

96. 'നിന്റെ ദേശത്തെയും നിന്റെ ചാർച്ചക്കാരെയും വിട്ടു ഞാൻ നിനക്കു കാണിച്ചു തരുന്ന ദേശത്തിലേക്കു ചെല്ലുക' എന്നു ദൈവം അബ്രാഹാമിനോടു പറഞ്ഞ പഴയനിയമഭാഗം ഏതാണ്? ■ ഉല്പത്തി 12:1 (7:3).

97. അബ്രാഹാമിനു 'ഒരു കാലടി' നിലംപോലും അവകാശം കൊടുക്കാഞ്ഞത് ഏതു ദേശത്താണ്?
■ കനാനിൽ (യിസ്രായേലിൽ) (7:5).

98. അബ്രാഹാമിന്റെ സന്തതികൾ എത്രവർഷം അടിമയായി പോകുമെന്നാണ് ദൈവം പറഞ്ഞത്?
■ നാനൂറു വർഷം (7:6).

99. 'നിന്റെ സന്തതി അന്യദേശത്തു അടിമയായിപ്പോകും; പിന്നെ ഞാനവരെ തിരിച്ചുവരുത്തും' എന്നു ദൈവം അബ്രാഹാമിനോടു അരുളിച്ചെയ്ത പഴയനിയമഭാഗം ഏതാണ്? ■ ഉല്പത്തി 15:13,14 (7:6).

100. യിസ്ഹാക്കിനെ എത്രാമത്തെ ദിവസമാണ് പരിച്ഛേദന കഴിച്ചത്? ■ എട്ടാമത്തെ ദിവസം (7:8).

101. ഗോത്രപിതാക്കന്മാർ മിസ്രയീമിലേക്കു വിറ്റുകളഞ്ഞത് ആരെയാണ്? ■ യോസേഫിനെ (7:9).

102. ദൈവം, മിസ്രയീമിന്നും തന്റെ സർവ്വഗൃഹത്തിന്നും അധിപതിയാക്കിവെച്ചത് ആരെയാണ്?
■ യോസേഫിനെ (7:10).

103. മിസ്രയീമിലേക്ക് കുടിയേറിയ യാക്കോബിന്റെ കുടുംബം ആകെ എത്രപേരായിരുന്നു?
■ എഴുപത്തഞ്ചുപേർ (7:14).

104. യാക്കോബിനെയും മക്കളെയും ഏവിടെയാണ് അടക്കിയത്? ആരോട് വിലകൊടുത്തു വാങ്ങിയ കല്ലറയിലാണ് അടക്കിയത്? ■ ശേഖേമിൽ; എമ്മോരിന്റെ മക്കളോടു വാങ്ങിയ സ്ഥലത്ത് (7:16).
[ശെഖേമിന്റെ പിതാവാണ് ഹമോർ. ഉല്പ, 34:2. ഹമോരിന്റെ ഗ്രീക്കുരൂപമാണ് എമ്മോർ].

105. മോശെ ജനിച്ചപ്പോൾ എങ്ങനെയുള്ളവനായിരുന്നു? ■ ദിവ്യസുന്ദരൻ (7:20).

106. മോശെയെ എടുത്തു വളർത്തിയത് ആരാണ്? ■ ഫറവോന്റെ മകൾ (7;21).

107. മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നത് ആരാണ്? ■ മോശെ (7:22).

108. മോശെ എത്ര വയസ്സായപ്പോഴാണ് യിസ്രായേൽ മക്കളായ തന്റെ സഹോദരന്മാരെ ചെന്നു കണ്ടത്?
■ നാല്പതു വയസ്സ് (7:23).

109. പീഡിതന്നു വേണ്ടി പ്രതിക്രിയ ചെയ്തത് ആരാണ്? ■ മോശെ (7:24).

110. ദൈവം താൻ മുഖാന്തരം അവർക്കു രക്ഷ നല്കും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു നിരൂപിച്ചത് ആരാണ്? ■ മോശെ (7:25).

111. നിന്നെ ഞങ്ങൾക്കു അധികാരിയും ന്യായകർത്താവും ആക്കിയതു ആർ? എന്നു ആരോടാണ് ചോദിച്ചത്?
■ മോശെയോട് (7:27).

112. മോശെ ഓടിപ്പോയി പാർത്ത ദേശം ഏതാണ്? ■ മിദ്യാൻദേശം (7:29).

113. മോശെയ്ക്ക് എത്ര വയസ്സുള്ളപ്പോഴാണ് സീനായി മരുഭൂമിയിൽ ദൈവദൂതൻ അഗ്നിജ്വാലയിൽ അവനു പ്രത്യക്ഷനായത്? ■ എൺപത് (7:23, 30).

114. മോശെയ്ക്ക് ദൈവം തന്നെ പരിചയപ്പെടുത്തിയത് എങ്ങനെയാണ്?
■ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം (7:22).

115. 'നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പു ഊരിക്കളക' എന്നു ദൈവം ആരോടാണ് പറഞ്ഞത്? ■ മോശെയോട് (7:33).

116. ദൈവം യിസ്രായേൽ ജനത്തിന് അധികാരിയും വീണ്ടെടുപ്പുകാരനും ആക്കി അയച്ചത് ആരെയാണ്?
■ മോശെയെ (7:35).

117. എത്ര വർഷമാണ് മോശെ, അതിശയങ്ങളും അടയാളങ്ങളും ചെയ്തു ജനത്തെ നടത്തിക്കൊണ്ടുവന്നത്?
■ നാല്പതു വർഷം (7:36).

118. ജീവനുള്ള അരുളപ്പാടു ലഭിച്ചവൻ ആരാണ്? ■ മോശെ (7:38).

119. കാളക്കുട്ടിയെ ഉണ്ടാക്കി അതിനു ബലികഴിച്ചതാരാണ്? ■ യിസ്രായേൽ ജനം (7:41).

120. യിസ്രായേൽ ഗൃഹമേ, നിങ്ങൾ മരുഭൂമിയിൽ എനിക്കു നാല്പതു സംവത്സരം ഹനനയാഗങ്ങളും ........ എന്നാൽ ഞാൻ നിങ്ങളെ ബാബിലോന്നപ്പുറം പ്രവസിപ്പിക്കുംഈ പ്രവചനഭാഗം ഏതാണ്?
■ ആമോസ് 5:25-27 (7:42-43).

121. മരുഭൂമിയിൽ സാക്ഷ്യകൂടാരം ഏതു മാതൃകയിലാണ് ഉണ്ടാക്കിയത്?
■ ദൈവം മോശെയ്ക്ക് കാണിച്ചു കൊടുത്ത പ്രകാരം (7:44 - പുറ, 25:40)

122. ജാതികളുടെ അവകാശത്തിലേക്ക് ജനത്തെ ആരുടെ നേതൃത്വത്തിലാണ് കൊണ്ടുവന്നത്?
■ യോശുവയുടെ (7:45).

123. ദൈവത്തിനു ഒരു വാസസ്ഥലം ഉണ്ടാക്കുവാൻ അനുവാദം അപേക്ഷിച്ചതാര്? ആലയം പണിതതാര്?
■ ദാവീദ് (7:46), ശലോമോൻ (7;47).

124."സ്വർഗ്ഗം എനിക്കു സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു......... ഇതൊക്കെയും എന്റെ കൈയല്ലയോ ഉണ്ടാക്കിയതു"ഈ പഴയനിയമഭാഗം ഏതാണ്? ■ യെശയ്യാവ് 66:1,2 (7:49,50).

125. എല്ലായ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നിന്ന ജനം ഏതാണ്? ■ യിസ്രായേൽ ജനം (7:51).

126. ദൈവദൂതന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചു എങ്കിലും അതു പ്രമാണിച്ചിട്ടില്ലാത്തത് ആരാണ്? ■ യെഹൂദന്മാർ (7:53).

127. "ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു"എന്നു പറഞ്ഞ ഭക്തനാരാണ്? ■ സ്തെഫാനൊസ് (7;55,56).

128. സ്തെഫാനൊസിനെ കല്ലെറിഞ്ഞവരുടെ വസ്ത്രം സൂക്ഷിച്ച ബാല്യക്കാരൻ ആരാണ്? ■ ശൗൽ (7:58).

129. 'കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ' എന്നും, 'കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ' എന്നും നിലവിളിച്ചു പറഞ്ഞതാരാണ്? ■ സ്തെഫാനൊസ് (7:59,60). ('കർത്താവേ, ഇവരുടെമേൽ ഈ പാപം ചുമത്തരുതേ' എന്നാണ് ശരിയായ പരിഭാഷ. Lord, lay not this sin to their charge).

130. ക്രൈസ്തവസഭയുടെ ആദ്യത്തെ രക്തസാക്ഷി ആരാണ്? ■ സ്തെഫാനൊസ് (7:60).

**അദ്ധ്യായം 8**

131. സ്തെഫാനൊസിനെ കൊല ചെയ്തത് ആർക്കാണ് സമ്മതമായിരുന്നത്? ■ ശൗലിന് (8:1).

132. സഭയെ മുടിച്ചുപോന്നത് ആരാണ്? ■ ശൗൽ (8:3).

133. ശമര്യപട്ടണത്തിൽ ചെന്നു ക്രിസ്തുവിനെ പ്രസംഗിച്ചതാരാണ്? ■ഫിലിപ്പൊസ് (8:5).

134. ഫിലിപ്പൊസ് പറയുന്നതു ഏകമനസ്സോടെ ശമര്യർ ശ്രദ്ധിച്ചത് എന്തുകൊണ്ടാണ്?
■ ഫിലിപ്പൊസ് ചെയ്ത അടയാളങ്ങൾ കാൺകയും കേൾക്കയും ചെയ്കയാൽ (8:6).

135. താൻ മഹാൻ എന്നു പറഞ്ഞു ശമര്യ പട്ടണത്തിൽ ആഭിചാരം ചെയ്തു പോന്നതാരാണ്?
■ ശിമോൻ (8:9).

136. ശമര്യയിലുള്ളവർ എന്തു പറഞ്ഞാണ് ആഭിചാരകനായ ശിമോനെ ശ്രദ്ധിച്ചുപോന്നത്?
■ 'ഇവൻ മഹതി എന്ന ദൈവശക്തി' (8:10).

137. ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടിട്ടു, യെരൂശലേമിൽ നിന്ന് ആരെയൊക്കെയാണ് ശമര്യയിലേക്ക് അയച്ചത്? ■ പത്രൊസിനെയും യോഹന്നാനെയും (8:14).

138. അപ്പൊസ്തലന്മാർ കൈ വെച്ചപ്പോൾ പരിശുദ്ധാത്മാവു ലഭിച്ചത് ആർക്കാണ്? ■ ശമര്യർക്ക് (8:17).

139. അപ്പൊസ്തലന്മാർക്ക് പണംകൊടുത്ത് ആത്മദാനത്തിനുള്ള അധികാരം വാങ്ങാൻ ശ്രമിച്ചത് ആരാണ്?
■ ആഭിചാരകനായ ശിമോൻ (8:18,19).

140. 'നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ടു ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല' എന്ന് ആര് ആരോടു പറഞ്ഞു? ■ പത്രൊസ് ശിമോനോട് (8:21).

141. 'കൈപ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും' അകപ്പെട്ടിരിക്കുന്നത് ആരാണ്?
■ ശിമോൻ (8:23).

142. കർത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു: എവിടേക്കു പോകാനാണ് പറഞ്ഞത്?
■ ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്ക് (8;26).

143. ഗസെക്കുള്ള വഴിയിൽ ചെന്നപ്പോൾ, ഏതു രാജ്ഞിയുടെ ഷണ്ഡനെയാണ് ഫിലിപ്പൊസ് കണ്ടത്?
■ കന്ദക്ക എന്ന ഐത്യോപ്യാ രാജ്ഞിയുടെ (8:27). [ആഫ്രിക്കയുടെ വടക്കേ അറ്റത്താണ് എത്യോപ്യ].

144. ഷണ്ഡന്റെ തൊഴിൽ എന്തായിരുന്നു? ■ ഭണ്ഡാരവിചാരകൻ (8:27).

145. 'നീ അടുത്തുചെന്നു തേരിനോടു ചേർന്നുനടക്ക' എന്നു ഫിലിപ്പൊസിനോടു പറഞ്ഞത് ആരാണ്?
■ ആത്മാവ് (8:39).

146. ഷണ്ഡൻ തേരിലിരുന്നു വായിച്ച പുസ്തകമേതാണ്? വാക്യമേതാണ്?
■ യെശയ്യാ പ്രവചനം 53:7,8. (8:28, 32,33).

147. 'ഇതാ വെള്ളം; ഞാൻ സ്നാനം ഏല്ക്കുന്നതിനു എന്തു വിരോധം' എന്നു ഷണ്ഡൻ ചോദിച്ചതിന് ഫിലിപ്പോസിന്റെ മറുപടി എന്തായിരുന്നു?
■ 'നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം' (8:27,28).

148. കർത്താവിന്റെ ആത്മാവ് അസ്തോദിലേക്ക് എടുത്തു കൊണ്ടുപോയത് ആരെയാണ്?
■ ഫിലിപ്പൊസിനെ (8:39,40).

## അദ്ധ്യായം 9

149. ശൗൽ മഹാപുരോഹിതനോട് അധികാരപത്രം വാങ്ങിയത് എവിടെയുള്ള ക്രിസ്തുശിഷ്യന്മാരെ പിടിച്ചുകൊണ്ടു വരാനാണ്? ■ ദമസ്കൊസിൽ (9:1,2).

150. 'ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു' എന്നു ചോദിച്ചതാരാണ്? ■ യേശു (9:4,5).

151. ശൗൽ എത്രദിവസം കണ്ണു കാണാതെയും തിന്നുകയോ കുടിക്കയോ ചെയ്യാതെയും ഇരുന്നു?
■ മൂന്നു ദിവസം (9:9).

152. കർത്താവു ദർശനത്തിൽ സംസാരിച്ച ദമസ്കൊസിലെ ശിഷ്യൻ ആരായിരുന്നു? ■ അനന്യാസ് (9:10).

153. നേർവ്വീഥി എന്ന തെരുവിൽ ആരുടെ വീട്ടിലാണ് തർസൊസുകാരനായ ശൗൽ താമസിച്ചിരുന്നത്?
■ യൂദയുടെ വീട്ടിൽ (9:11). [നേർവ്വീഥി: ദമസ്കൊസിലെ ഒരു പ്രാചീന തെരുവ്].

154. ശൗൽ പ്രാർത്ഥിച്ചപ്പോൾ കണ്ട കാഴ്ച എന്താണ്?
■ അനന്യാസ് എന്നൊരു പുരുഷൻ തന്റെമേൽ കൈ വെക്കുന്നതു (9:12).

155. ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ കർത്താവിന്റെ നാമം വഹിപ്പാൻ തിരഞ്ഞെടുത്ത പാത്രം ആരാണ്? ■ശൗൽ (9:15).

156. 'യേശു തന്നേ ക്രിസ്തു' എന്നു തെളിയിച്ചു ശൗൽ യെഹൂദന്മാരെ മിണ്ടാതാക്കിയത് എവിടെയാണ്?
■ ദമസ്കൊസിൽ (9:22).

157. ആരെയാണ് കൊട്ടയിലാക്കി മതിൽവഴിയായി ഇറക്കിവിട്ടത്? എവിടെവെച്ച്?
■ ശൗലിനെ (9:25), ദമസ്ക്കൊസിൽ (9:22).

158. ആരാണ് ശൗലിനെ കൂട്ടി അപ്പൊസ്തലന്മാരുടെ അടുക്കൽ ചെന്നതും, അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞതും? ■ ബർന്നബാസ് (9:27).

159. യവനഭാഷക്കാരായ യെഹൂദന്മാർ ശൗലിനെ കൊല്ലാൻ നോക്കിയപ്പോൾ, അതറിഞ്ഞ സഹോദരന്മാർ എന്തു ചെയ്തു? ■ ശൗലിനെ കൈസര്യയിലേക്കും അവിടെനിന്നു തർസൊസിലേക്കും അയച്ചു (9:29,30).

160. ശൗലിന്റെ മാനസാന്തരത്തിനു ശേഷം ഏതൊക്കെ ദേശത്താണ് സമാധാനം ഉണ്ടായത്?
■ യെഹൂദ്യാ, ഗലീല, ശമര്യ എന്നിവിടങ്ങളിൽ (9:31).

161. പത്രൊസ് സൗഖ്യമാക്കിയ ലുദ്ദയിലെ പക്ഷവാതരോഗി എത്രവർഷമായി രോഗബാധിതനാണ്? അവന്റെ പേരെന്ത്? ■ എട്ടുവർഷം; ഐനെയാസ് (9:32-34).

162. ഐനയാസിന്റെ സൗഖ്യം കണ്ട് കർത്താവിങ്കലേക്ക് തിരിഞ്ഞത് ഏതൊക്കെ ദേശക്കാരാണ്?
■ ലുദ്ദയിലും ശാരോനിലും പാർക്കുന്നവർ (9:35).

163. യോപ്പയിൽ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്ന ശിഷ്യ ആരാണ്? ■ തബീഥാ (9:36).

164. തബീഥാ എന്ന പേരിനർത്ഥം എന്താണ്? ■ പേടമാൻ (9:36).

165. യോപ്പയിൽ എങ്ങും പ്രസിദ്ധമായ സംഗതി എന്താണ്? ■ തബീഥായെ ഉയിർപ്പിച്ചത് (9;41,42).

166. പത്രൊസ് യോപ്പയിൽ താമസിച്ചത് ആരുടെ വീട്ടിലാണ്? ■ ശിമോന്റെ വീട്ടിൽ (9:43).

167. യോപ്പയിലെ ശിമോന്റെ തൊഴിലെന്താണ്? ■ തോൽക്കൊല്ലൻ (9:43). [തോൽ ഊറയ്ക്കിട്ടു സൂക്ഷിക്കുകയും, തുകൽപ്പണി ചെയ്യുന്നവനുമാണ് തോൽക്കൊല്ലൻ].

## അദ്ധ്യായം 10

168. കൈസര്യയിലെ ഇത്താലിക എന്ന പട്ടാളത്തിൽ ഉണ്ടായിരുന്ന ശതാധിപന്റെ പേരെന്ത്?
■ കൊർന്നേല്യൊസ് (10:1). [ഇത്താലിക: ഇറ്റലിയെ സംബന്ധിച്ച അഥവാ, ഇറ്റലിയിൽ നിന്നുള്ള ഏന്നർത്ഥം. ശതാധിപൻ: നൂറു ഭടന്മാരുടെ നായകൻ].

169. കൊർന്നേല്യൊസ് പകൽ എത്രമണിക്കാണ് ദൈവദൂതനെ ദർശനത്തിൽ കണ്ടത്?
■ ഒമ്പതാം മണിനേരത്തു (10:3). [ഒമ്പതാം മണിനേരം: ഉച്ചതിരിഞ്ഞ് മൂന്നുമണി].

170. കൊർന്നേല്യൊസിനെ സംബന്ധിച്ച എന്താണ് ദൈവസന്നിധിയിൽ എത്തിയത്?
■ പ്രാർത്ഥനയും ധർമ്മവും (10:4).

171. യോപ്പയിലേക്കു ആളയച്ചു, ആരെ വിളിച്ചുവരുത്താനാണ് ദൂതൻ കൊർന്നേല്യൊസിനോടു പറഞ്ഞത്?
■ പത്രൊസ് എന്നു മറുപേരുള്ള ശിമോനെ (10:5).

172. തോൽക്കൊല്ലനായ ശിമോന്റെ വീടു യോപ്പയിൽ ഏതു ഭാഗത്താണ്? ■ കടല്പുറത്ത് (10:6).

173. ആരാണ് ആറാം മണിനേരത്തു പ്രാർത്ഥിപ്പാൻ വെണ്മാടത്തിൽ കയറിയത്?
■ പത്രൊസ് (10:9). [ആറാം മണി: ഉച്ചയ്ക്ക് പന്ത്രണ്ടു മണി. പകലാണോ രാത്രിയാണോ വ്യക്തമാക്കിയിട്ടില്ല. സാധാരണ യെഹൂദന്മാർ മൂന്നുനേരമാണ് പ്രാർത്ഥിക്കുന്നത്; രാവിലെ, ഉച്ചയ്ക്ക്, വൈകിട്ട്. തന്മൂലം ഇത് ഉച്ചയ്ക്കുള്ള പ്രാർത്ഥനയാകും].

174. തുപ്പട്ടിപോലെ നാലു കോണും കെട്ടിയ പാത്രം ആകാശത്തുനിന്നു വരുന്നത് കണ്ടതാരാണ്?
■ പത്രൊസ് (10:11). [തുപ്പട്ടി: വീതി കുറഞ്ഞതും നീളം കൂടിയതുമായ നേരിയ തുണിയാണ് തുപ്പട്ടി. നീളംകൂടിയ നേരിയ തുണിയിൽ കെട്ടിയിറക്കിയ പാത്രം എന്നു മനസ്സിലാക്കാം].

175. ആകാശത്തിൽ നിന്നും ഇറങ്ങിവന്ന പാത്രത്തിൽ എന്തൊക്കെ ഉണ്ടായിരുന്നു?
■ ഭൂമിയിലെ സകലവിധ നാൽക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും (10:12).

176. 'മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ' എന്നു പത്രൊസ് പറഞ്ഞതിനുള്ള മറുപടി എന്തായിരുന്നു?
■ ദൈവം ശുദ്ധീകരിച്ചതു നീ മലിനമെന്നു വിചാരിക്കരുതു (10:14,15).

177. തുപ്പട്ടിയുടെ ദർശനം പത്രൊസിനു എത്രപ്രാവശ്യം ഉണ്ടായി? ■ മൂന്നു പ്രാവശ്യം (10:16).

178. 'മൂന്നു പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു; ഞാൻ അവരെ അയച്ചതാകകൊണ്ടു ഒന്നും സംശയിക്കാതെ അവരോടു കൂടെ പോക' എന്നു പത്രൊസിനോടു പറഞ്ഞതാരാണ്? ■ ആത്മാവ് (10:19,20).

179. യെഹൂദന്മാരുടെ സകലജാതിയാലും നല്ല സാക്ഷ്യംകൊണ്ടവൻ ആരാണ്? ■ കൊർന്നേല്യൊസ് (10:22).

180. 'എഴുന്നേല്ക്കൂ ഞാനും ഒരു മനുഷ്യനത്രെ' എന്നു ആര് ആരോടു പറഞ്ഞു?
■ പത്രൊസ് കൊർന്നേല്യൊസിനോട് (10:26).

181. ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നു ആരാണ് പത്രൊസിനു കാണിച്ചു കൊടുത്തത്? ■ ദൈവം (10:28.

182. കൊർന്നേല്യൊസ് ദർശനം കണ്ട് എത്രദിവസം കഴിഞ്ഞാണ് പത്രൊസ് അവിടെ എത്തിയത്?
■ നാലുദിവസം കഴിഞ്ഞ് (10:30). [നാലാകുന്നാൾ: നാലുദിവസം മുൻപ്].

183. ചാർച്ചക്കാരെയും അടുത്ത സ്നേഹിതന്മാരെയും കൂട്ടിവരുത്തി ദൈവവചനം കേൾക്കാൻ കാത്തിരുന്നത് ആരാണ്? ■ കൊർന്നേല്യൊസ് (10:24, 33).

184. മുഖപക്ഷമില്ലാത്തത് ആർക്കാണ്? ■ ദൈവത്തിന് (10:34).

185. എല്ലാവരുടെയും കർത്താവാരാണ്? ■ യേശുക്രിസ്തു (10:36).

186. പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അഭിഷേകം ചെയ്തത് ആരെയാണ്?
■ നസറായനായ യേശുവിനെ (10:38).

187. യെഹൂദ്യദേശത്തിലും യെരൂശലേമിലും യേശു ചെയ്ത സകലത്തിനും സാക്ഷികൾ ആരാണ്?
■ അപ്പൊസ്തലന്മാർ (10:39).

188. ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ ആരാണ്? ['ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപതി' എന്നാണ് ശരിയായ പരിഭാഷ]. ■ യേശു (10:42).

189. 'യേശുവിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും' എന്ന് ആരാണ് സാക്ഷ്യം പറഞ്ഞിരിക്കുനത്? ■ സകല പ്രവാചകന്മാരും (10:43).

190. പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ടു വിസ്മയിച്ചതാരാണ്?
■ പത്രൊസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ (10:46).

191. 'നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും' എന്നു ചോദിച്ചതാരാണ്? ■ പത്രൊസ് (10:47).

### അദ്ധ്യായം 11

192. പത്രൊസ് യെരൂശലേമിൽ എത്തിയപ്പോൾ, 'നീ അഗ്രചർമ്മികളുടെ അടുക്കൽ ചെന്നു അവരോടുകൂടെ ഭക്ഷിച്ചു' എന്നു പറഞ്ഞു അവനോടു വാദിച്ചതാരാണ്? ■ പരിച്ഛേദനക്കാർ (11:2,3).

193. പത്രൊസിനോടു കൂടെ കൊർന്നേല്യൊസിന്റെ ഭവനത്തിലേക്ക് എത്ര സഹോദരന്മാർ പോയിരുന്നു?
■ ആറു സഹോദരന്മാർ (11:12)?

194. 'യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും' എന്നു കർത്താവു പറഞ്ഞ വാക്കു ഓർത്തതാരാണ്? ■ പത്രൊസ് (11:16).

195. 'ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?' എന്നു ചോദിച്ചതാരാണ്? ■ പത്രൊസ് (11:17).

196. 'ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ' എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തിയത് ആരാണ്? ■ യെരൂശലേമിലെ വിശ്വാസികൾ (11:18).

197. സ്തെഫാനൊസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവായി ചിതറിപ്പോയവർ എവിടെയൊക്കെയാണ് സഞ്ചരിച്ചത്? ■ ഫൊയ്നിക്യാ, കുപ്രൊസ്, അന്ത്യൊക്ക്യ (11:19).

198. ചിതറിപ്പോയവരിൽ കുപ്രൊസ്കാരും കുറേനക്കാരും അന്ത്യൊക്ക്യയിൽ എത്തിയശേഷം ആരോടാണ് സുവിശേഷം അറിയിച്ചത്? ■ യവനന്മാരോട് (11:20).

199. അന്ത്യൊക്ക്യയിലുള്ളവർ വചനം കൈക്കൊണ്ടു എന്നു കേട്ടപ്പോൾ, യെരൂശലേമിൽനിന്ന് ആരെയാണ് അങ്ങോട്ടയച്ചത്? ■ ബർന്നബാസിനെ (11:21,22).

200. ബർന്നബാസ് അന്ത്യൊക്ക്യയിൽ എന്തു കണ്ടാണ് സന്തോഷിച്ചത്? ■ ദൈവകൃപ കണ്ട് (11:23).

201. 'നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും' ആരായിരുന്നു?
■ ബർന്നബാസ് (11:24).

202. ബർന്നബാസ് എവിടെനിന്നാണ് ശൗലിനെ അന്ത്യൊക്ക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നത്?
■ തർസൊസിൽ നിന്ന് (11:25).

203. ബർന്നബാസും ശൗലും അന്ത്യൊക്ക്യയിൽ എത്രനാളുണ്ടായിരുന്നു? ■ ഒരു വർഷം (11:26).

204. എവിടെവെച്ചാണ് ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായത്?
■ അന്ത്യൊക്ക്യയിൽ വെച്ച് (11:26).

205. 'ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും' എന്നു ആത്മാവിനാൽ പ്രവചിച്ചതാരാണ്? അതെപ്പോൾ സംഭവിച്ചു? ■ അഗബൊസ്; ക്ലൗദ്യൊസിന്റെ കാലത്ത് (11:28). [ക്ലൗദ്യൊസ്: എ.ഡി. 41 മുതൽ 54 വരെ ഭരിച്ച റോമൻ ചക്രവർത്തി. എ.ഡി. 41 മുതൽ 51 വരെ നാലുപ്രാവശ്യം ഇറ്റലിയിലും ഗ്രീസിലും പലസ്തീനിലും ഉൾപ്പെടെ റോമാസാമ്രാജ്യത്തിൽ പലയിടത്തും കഠിനമായ ക്ഷാമമുണ്ടായതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്].

206. യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ഏതു സഭയിൽ നിന്നാണ് തങ്ങളുടെ പ്രാപ്തിപോലെ കൊടുത്തയച്ചത്? ആരുടെ കയ്യിലാണ് കൊടുത്തയച്ചത്?
■ അന്ത്യൊക്ക്യയിൽ നിന്ന് (11:29), ബർന്നബാസിന്റെയും ശൗലിന്റെയും കയ്യിൽ (11:30).

## അദ്ധ്യായം 12

207. സഭയിൽ ചിലരെ പീഡിപ്പിക്കേണ്ടതിന്നു കൈ നീട്ടിയ രാജാവാരാണ്? ■ ഹെരോദാ (12:1). [ഹെരോദാ അഗ്രിപ്പാ ഒന്നാമനാണിയാൾ. മഹാനായ ഹെരോദാവിന്റെ പുത്രനായ അരിസ്റ്റോബുലസിന്റെ മകൻ].

208. അപ്പൊസ്തലന്മാരിൽ ആദ്യത്തെ രക്തസാക്ഷി ആരാണ്?
■ യോഹന്നാന്റെ സഹോദരനായ യാക്കോബ് (12:2).

209. ഏതു പെരുനാളിലാണ് ഹെരോദാ പത്രൊസിനെ പിടിച്ചു തടവിലാക്കിയത്?
■ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ (12:3).

210. പത്രൊസിനെ കാപ്പാൻ നാലുവീധം ചേകവരുള്ള എത്ര കൂട്ടത്തെയാണ് ഏല്പിച്ചത്?
■ നാലു കൂട്ടത്തെ (12:4).

211. പത്രൊസിനെ ആരാണ് തടവിൽനിന്നും പുറത്തുകൊണ്ടുവന്നത്? ■ കർത്താവിന്റെ ദൂതൻ (12:7).

212. 'കർത്താവു തന്റെ ദൂതനെ അയച്ചു ഹെരോദാവിന്റെ കയ്യിൽനിന്നും യെഹൂദജനത്തിന്റെ സകല പ്രതീക്ഷയിൽനിന്നും എന്നെ വിടുവിച്ചു' എന്നു പറഞ്ഞതാരാണ്? ■ പത്രൊസ് (12:11).

213. തടവിൽനിന്നു രക്ഷപെട്ട പത്രൊസ് ആരുടെ വീട്ടിലാണ് ചെന്നത്?
■ മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ (12:12).

214. പത്രൊസ് പടിപ്പുരവാതിൽക്കൽ മുട്ടിയപ്പോൾ ആരാണ് വിളികേൾപ്പാൻ അടുത്തുവന്നത്?
■ രോദാ എന്നൊരു ബാല്യക്കാരത്തി (12:13).

215. മറിയയുടെ വീട്ടിലുളളവർ 'നിനക്കു ഭ്രാന്തുണ്ടു' എന്നു പറഞ്ഞതാരോടാണ്? ■ രോദായോട് (12:15).

216. താൻ രക്ഷപെട്ട വിവരം ആരോടറിയിക്കാനാണ് പത്രൊസ് മറിയയുടെ വീട്ടിലുള്ളവരോട് പറഞ്ഞത്?
■ യാക്കോബിനോടും ശേഷം സഹോദരന്മാരോടും (12:17).

217. തടവിൽ നിന്ന് രക്ഷപ്രാപിച്ച പത്രൊസ് എവിടെയാണ് പോയി പാർത്തത്? ■ കൈസര്യയിൽ (12:19).

218. ഹെരോദാവിന്റെ ദേശത്തുനിന്ന് ആർക്കാണ് ആഹാരം കിട്ടിക്കൊണ്ടിരുന്നത്?
■ സോര്യർക്കും സിദോന്യർക്കും (12:20).

219. ഹെരോദാവിന്റെ പള്ളിയറക്കാരന്റെ പേരെന്താണ്? ■ ബ്ലസ്തൊസ് (12:20). [പള്ളിയറ: രാജാവിന്റെ ഉറക്കറ. 1രാജാ, 1:15. പള്ളിയറക്കാരൻ: രാജാവിന്റെ പള്ളിയറ സൂക്ഷിപ്പുകാൻ].

220. 'ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ' എന്നു ജനം ആർത്തത് ആരെക്കുറിച്ചാണ്?
■ ഹെരോദാവ് (12:22).

221. കർത്താവിന്റെ ദൂതൻ അടിച്ചിട്ട് കൃമിക്കു ഇരയായി പ്രാണനെ വിട്ട രാജാവ്?
■ ഹെരോദാവ് (12:23). [ഹെരോദാ അഗ്രിപ്പാ ഒന്നാമൻ].

222. ബർന്നാബാസും ശൗലും ശുശ്രൂഷ നിവർത്തിച്ച ശേഷം യെരൂശലേം വിട്ടു പോന്നപ്പോൾ ആരെയാണ് കൂടെ കൊണ്ടുപോന്നത്? ■ മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാനെ (12:25).

### അദ്ധ്യായം 13

223. അന്ത്യൊക്ക്യ സഭയിൽ എത്ര പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു? ആരൊക്കെ?
■ അഞ്ചുപേർ; ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, മനായേൻ, ശൗൽ (13:1).

224. ഇടപ്രഭുവുമായ ഹെരോദാവോടുകൂടെ വളർന്നവൻ ആരാണ്?
■ മനായേൻ (31:1). [ഇടപ്രഭു: ഒരു പ്രദേശത്തിന്റെ നാലിലൊന്നുഭാഗം ഭരിക്കുന്നവനാണ് ഇടപ്രഭു. ഹെരോദാ അന്തിപ്പാസും (മത്താ, 14:1), ഹെരോദാ ഫിലിപ്പൊസും (ലൂക്കൊ, 3:1) ഇടപ്രഭുക്കന്മാരായിരുന്നു].

225. ലുക്യൊസിന്റെ ദേശമേതാണ്? ■ കുറേനേ (13:1).

226. അന്ത്യൊക്ക്യയിലുള്ളവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ, ആരെയൊക്കെ തന്റെ വേലയ്ക്കായി വേർതിരിക്കാനാണ് പരിശുദ്ധാത്മാവ് പറഞ്ഞത്?
■ ബർന്നബാസിനെയും ശൗലിനെയും (13:2).

227. ബർന്നബാസിനെയും ശൗലിനെയും ഒന്നാം മിഷണറി യാത്രയ്ക്കായി പരിശുദ്ധാത്മാവ് പറഞ്ഞയച്ചിട്ട്, അവർ എവിടെനിന്നാണ് കപ്പൽ കയറിയത്? എവിടേക്കുപോയി?
■ സെലൂക്യയിൽ നിന്ന്; കുപ്രൊസ് ദ്വീപിലേക്ക് (13:4). [ഒന്നാം മിഷണറിയാത്ര 13-14 അദ്ധ്യായങ്ങൾ].

228. അന്ത്യൊക്ക്യയിൽ നിന്ന് പുറപ്പെട്ട ശൗലും ബർന്നബാസും ആദ്യം സുവിശേഷം അറിയിച്ച സ്ഥലം ഏതാണ്? ■ സലമീസ് (13:5).

229. ഒന്നാം സുവിശേഷയാത്രയിൽ ബർന്നബാസിന്റെയും ശൗലിന്റെയും ഭൃത്യൻ ആരായിരുന്നു?
■ യോഹന്നാൻ (13:5). [മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാൻ].

230. ബർന്നബാസിനെയും ശൗലിനെയും വരുത്തി ദൈവവചനം കേൾപ്പാൻ ആഗ്രഹിച്ച ദേശാധിപതി ആരാണ്? അവൻ ഏതു ദീപിലെ റോമൻ ദേശാധിപതിയാണ്?
■ സെർഗ്ഗ്യൊസ് പൗലൊസ് (13:7); കുപ്രൊസ് ദീപിലെ (13:6).

231. ബുദ്ധിമാനായ സെർഗ്ഗ്യൊസ് പൗലൊസിന്റെ കൂടെ ആയിരുന്ന കള്ളപ്രവാചകൻ ആരാണ്?

■ ബർയേശു (13:6,7).

232. ബർയേശു എന്ന പേരിനർത്ഥം? ■ എലീമാസ് എന്ന വിദ്വാൻ (13:8).

233. ആരാണ് പരിശുദ്ധാത്മപൂർണ്ണനായി ബർയേശു എന്ന കള്ളപ്രവാചകനെ അന്ധനാക്കിയത്?
■ പൗലൊസ് എന്നും പേരുള്ള ശൗൽ (13:9-11). [13:9-മുതലാണ് ശൗൽ എന്ന എബ്രായ പേരിൽനിന്നു പൗലൊസ് (ചെറിയവൻ) എന്ന റോമൻ നാമത്തിലേക്ക് മാറുന്നത്. 1കൊരി, 15:9; എഫെ, 3:8].

234. ബർയേശു അന്ധനായതുകണ്ട് കർത്താവിന്റെ ഉപദേശത്തിൽ വിസ്മയിച്ചു വിശ്വസിച്ചതാരാണ്?
■ സെർഗ്ഗ്യൊസ് പൗലൊസ് (13:12).

235. എവിടെവെച്ചാണ് യോഹന്നാൻ പൗലൊസിനെയും ബർന്നബാസിനെയും വിട്ടുപിരിഞ്ഞത്?
■ പെർഗ്ഗയിൽ വെച്ച് (13:13). [പെർഗ്ഗ: പംഫുല്യയുടെ തലസ്ഥാന നഗരം].

236. പൗലൊസിന്റെ ആദ്യത്തെ പ്രഭാഷണം ഏതു ദേശത്തെ പള്ളിയിൽ വെച്ചായിരുന്നു?
■ പിസിദ്യയിലേ അന്ത്യൊക്ക്യയിൽ (13:14).

237. ദൈവം ഭുജവീര്യംകൊണ്ട് പുറപ്പെടുവിച്ച ജനമേതാണ്? ■ യിസ്രായേൽജനം (13:17).

238. കനാൻദേശത്തിലെ എത്ര ജാതികളെ ഒടുക്കിയാണ് ദേശം യിസ്രായേലിനു അവകാശമായി കൊടുത്തത്?
■ ഏഴു ജാതികളെ (13:19).

239. ന്യായാധിപന്മാരുടെ കാലം എവിടെ വരെയായിരുന്നു? ■ ശമൂവേൽ പ്രവാചകൻ വരെ (13:20).

240. ബെന്യാമീൻ ഗോത്രജനായ കീശിന്റെ മകൻ ശൗൽ എത്രവർഷം രാജാവായിരുന്നു?
■ നാല്പതു വർഷം (13:21).

241. ദൈവം തനിക്കു ബോധിച്ച പുരുഷനായി കണ്ടു രാജാവായി വാഴിച്ചതാരെയാണ്? ■ ദാവീദ് (13:22).

242. 'അവൻ എന്റെ ഹിതം എല്ലാം ചെയ്യും' എന്നു ദാവീദിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞത് ആരാണ്?
■ ദൈവം (13:22).

243. ആരുടെ സന്തതിയിൽനിന്നാണ് ദൈവം വാഗ്ദത്തം ചെയ്ത യേശു എന്ന രക്ഷിതാവിനെ കൊടുത്തത്?
■ ദാവീദിന്റെ (13:23).

244. യേശുവിന്റെ വരവിനു മുമ്പെ യിസ്രായേൽ ജനത്തിനു മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിച്ചതാരാണ്?
■ യോഹന്നാൻ (13:24).

245. മരണത്തിന്നു ഒരു ഹേതുവും കാണാഞ്ഞിട്ടും യേശുവിനെ കൊല്ലേണം എന്നു യെഹൂദന്മാർ അപേക്ഷിച്ചത് ആരോടാണ്? ■ പീലാത്തൊസിനോട് (13:28).

246. 'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു' എന്നു രണ്ടാം സങ്കീർത്തനത്തിലെ വാക്യമേതാണ്?
■ 2:7 (13:33).

247. 'ദാവീദിന്റെ സ്ഥിരമായുള്ള വിശുദ്ധ കൃപകളെ ഞാൻ നിങ്ങൾക്കു നല്കും' എന്നു പ്രവചിച്ചിരിക്കുന്ന പുസ്തകമേതാണ്? ■ യെശയ്യാവ് 55:3 (13:34).

248. 'നിങ്ങളുടെ കാലത്തു ഞാൻ ഒരു പ്രവൃത്തി ചെയ്യുന്നു; നിങ്ങളോടു വിവരിച്ചാൽ നിങ്ങൾ വിശ്വസിക്കാത്ത പ്രവൃത്തി തന്നേ' ഈ പ്രവചനം ഏതാണ്? ■ ഹബക്കൂക് 1:5 (13:40).

249. 'നീ ഭൂമിയുടെ അറ്റത്തോളവും രക്ഷ ആകേണ്ടതിന്നു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു' എന്ന് ആരാണ് പ്രവചിച്ചത്? ■ യെശയ്യാവ് 49:6 (13:47).

250. നിത്യജീവന്നായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിക്കുകയും, ദൈവവചനത്തെ മഹത്വപ്പെടുത്തുകയും ചെയ്തത് ഏതു ദേശത്തിലെ ജാതികളാണ്?
■ അന്ത്യൊക്ക്യയിലെ (13:14, 48). [പിസിദ്യയിലേ അന്ത്യൊക്ക്യ].

251. അന്ത്യൊക്ക്യയിൽനിന്ന് പൗലൊസും ബർന്നബാസും തങ്ങളുടെ കാലിലെ പൊടി തട്ടിക്കളഞ്ഞത്

എവിടേക്കാണ് പോയത്? ■ ഇക്കോന്യയിലേക്കു (13:51). [ഇക്കോന്യ: ഏഷ്യാമൈനറിലെ ഒരു പ്രാചീന പട്ടണം].

### അദ്ധ്യായം 14

252. യെഹൂദന്മാരിലും യവനന്മാരിലും വലിയോരു പുരുഷാരം വിശ്വസിപ്പാൻ തക്കവണ്ണം അപ്പൊസ്തലന്മാർ സംസാരിച്ചത് എവിടെയാണ്? ■ ഇക്കോന്യയിൽ (14:1).

253. പൗലൊസിന്റെയും ബർന്നബാസിന്റെയും കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കിയത് എവിടെ വെച്ചാണ്? ■ ഇക്കോന്യയിൽ (14:3).

254. ഇക്കോന്യയിൽവെച്ച് അപ്പൊസ്തലന്മാരെ കല്ലെറിയാനും ആക്രമിക്കാനും ഭാവിച്ചപ്പോൾ അവർ ഓടിപ്പോയത് ഏത് പട്ടണങ്ങളിലേക്കാണ്?
■ ലുസ്ത്ര, ദെർബ്ബ എന്ന ലുക്കവോന്യപട്ടണങ്ങളിലേക്ക് (14:4-7). [ലുക്കവോന്യ: ഏഷ്യാമൈനറിലെ ഒരു ചെറിയ റോമൻ പ്രവിശ്യയാണ്. ദെർബ്ബ, ഇക്കോന്യ, ലുസ്ത്ര എന്നിവ ലുക്കവോന്യ പട്ടണങ്ങളാണ്].

255. അമ്മയുടെ ഗർഭംമുതൽ മുടന്തനായി ഒരിക്കലും നടന്നിട്ടില്ലാത്തവനെ പൗലൊസ് സൗഖ്യമാക്കിയത് എവിടെവെച്ചാണ്? ■ ലുസ്ത്രയിൽവെച്ച് (14:8-10).

256. പൗലൊസ് ലുസ്ത്രയിൽചെയ്തത അത്ഭുതം കണ്ടിട്ടു: 'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു' എന്നു പുരുഷാരം ഏതുഭാഷയിലാണ് നിലവിളിച്ചു പറഞ്ഞത്?
■ ലുക്കവോന്യഭാഷയിൽ (14:11).

257. ലുസ്ത്രയിലെ ജനങ്ങൾ ബർന്നബാസിനും പൗലൊസിനും ഇട്ട പേരുകൾ എന്തൊക്കെയാണ്?
■ ഇന്ദ്രൻ എന്നും, ബുധൻ എന്നും (14:12).

258. ഏത് ക്ഷേത്രത്തിലെ പുരോഹിതനാണ് അപ്പൊസ്തലന്മാർക്ക് യാഗം കഴിക്കാൻ ഭാവിച്ചത്?
■ ഇന്ദ്രക്ഷേത്രത്തിലെ (14:13).

259. വസ്ത്രം കീറിക്കൊണ്ടു പുരുഷാരത്തിന്റെ ഇടയിലേക്കു ഓടിച്ചെന്ന അപ്പൊസ്തലന്മാർ ആരൊക്കെ?
■ ബർന്നബാസും പൗലൊസും (14:14).

260. 'ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ അത്രേ' ഏന്നു പറഞ്ഞത് ആരാണ്?
■ അപ്പൊസ്തലന്മാർ (14:15).

261. ദൈവം തന്നെക്കുറിച്ച് സകലമനുഷ്യർക്കും സാക്ഷ്യം നല്കിപ്പോന്നത് എങ്ങനെയാണ്?
■ പ്രകൃതിയിലൂടെ (14:17). [നന്മചെയ്കയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും ആഹാരവും സന്തോഷവും നല്കി].

262. അന്ത്യൊക്ക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും വന്ന യെഹൂദന്മാർ ആരെയാണ് കല്ലെറിഞ്ഞത്?
■ പൗലൊസിനെ (14:19).

263. ലുസ്ത്രയിൽനിന്നു പൗലൊസും ബർന്നബാസും എവിടേക്കാണ് പോയത്? ■ ദെർബ്ബെക്കു (14:20).

264. 'നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു' എന്നു ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ പട്ടണങ്ങളിലെ വിശ്വാസികളെ പ്രബോധിപ്പിച്ചതാരാണ്? ■ പൗലൊസും ബർന്നബാസും (14:21,22).

265. ഒന്നാം മിഷണറിയാത്ര അവസാനിപ്പിച്ച് അപ്പൊസ്തലന്മാർ കപ്പൽ കയറി അന്ത്യൊക്ക്യയിലേക്കു പോയത് എവിടെനിന്നാണ്? ■ അത്തല്യയിൽ നിന്ന് (14:25,26). [അത്തല്യ: പംഫുല്യതീരത്തുള്ള ഒരു തുറമുഖം. അന്ത്യൊക്ക്യ: ഇത് സുറിയയിലെ അന്ത്യക്ക്യയാണ്. ഇവിടെനിന്നാണ് മിഷണറിയാത്ര ആരംഭിച്ചതും].

### അദ്ധ്യായം 15

266. എവിടെനിന്നു വന്നവരാണ് 'പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല' എന്നുപറഞ്ഞ് പൗലൊസിനോടും ബർന്നബാസിനോടും തർക്കിച്ചത്? ■ യെഹൂദ്യയിൽനിന്നു വന്നവർ (15:1,2).

267. എവിടേക്കുള്ള യാത്രയിലാണ് പൗലൊസും ബർന്നബാസും ഫൊയ്നീക്ക്യയിലും ശമര്യയിലും കൂടി കടന്നു ജാതികളുടെ മാനസാന്തരവിവരം അറിയിച്ചത്? ■ യെരൂശലേമിലേക്കുള്ള (15:2,3).

268. ജാതികളിൽനിന്നു വിശ്വാസത്തിലേക്കു വന്നവർ 'പരിച്ഛേദന കഴിക്കയും മോശെയുടെ ന്യായപ്രമാണം ആചരിക്കുകയും വേണം' എന്നു യെരൂശലേം സഭയിൽ പറഞ്ഞതാരാണ്?

■ പരീശപക്ഷത്തിൽനിന്നു വിശ്വസിച്ചവർ (15:5).

269. ദൈവം 'യെഹൂദന്മാർക്കും ജാതികൾക്കും തമ്മിൽ ഒരു വ്യത്യാസവും വെച്ചിട്ടില്ല' എന്നു പറഞ്ഞതാരാണ്? ■ പത്രൊസ് (15:9).

270. 'നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കിഴിഞ്ഞിട്ടില്ലാത്ത നുകം' എന്നു പത്രൊസ് പറയുന്നത് എന്തിനെ കുറിച്ചാണ്? ■ ന്യായപ്രമാണകല്പനകൾ (15:10).

271. 'അനന്തരം ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും; അതിന്റെ ശൂന്യശിഷ്ടങ്ങളെ വീണ്ടും പണിതു അതിനെ നിവിർത്തും' ഈ പ്രവചനഭാഗം ഏതാണ്? ■ ആമോസ് 9:12 (15:16).

272. ജാതികളിൽ നിന്നു വന്നവർ 'വിഗ്രഹമാലിന്യങ്ങൾ, പരസംഗം, ശ്വാസംമുട്ടിച്ചത്തതു, രക്തം എന്നിവ വർജ്ജിച്ചിരിപ്പാൻ എഴുതേണം' എന്നു പറഞ്ഞതാരാണ്?
■ യാക്കോബ് (15:13, 20). [യാക്കോബ്: ഇത് യേശുവിന്റെ സഹോദരനാണ്].

273. പൗലൊസിനോടും ബർന്നബാസിനോടും കൂടെ യെരൂശലേമിൽ നിന്നു അന്ത്യൊക്ക്യയിലേക്കു അയച്ചത് ആരെയൊക്കെയാണ്? ■ ബർശബാസ് എന്ന യൂദയെയും ശീലാസിനെയും (15:22, 27).

274. 'യേശുക്രിസ്തുവിന്റെ നാമത്തിന്നു വേണ്ടി പ്രാണത്യാഗം ചെയ്തവർ' എന്നു യെരൂശലേം സഭ വിശേഷിപ്പിച്ചത് ആരെയൊക്കെയാണ്? ■ ബർന്നബാസും പൗലൊസും (15:25,26).

275. ജാതികളിൽനിന്നു രക്ഷിക്കപ്പെട്ടവരുടെമേൽ അധികഭാരം ചുമത്തരുതെന്ന് ആർക്കൊക്കെയാണ് തോന്നിയത്? ■ പരിശുദ്ധാത്മാവിനും അപ്പൊസ്തലന്മാർക്കും (15:28).

276. പ്രവാചകന്മാർ ആകകൊണ്ടു അന്ത്യൊക്ക്യയിലെ സഹോദരന്മാരെ പ്രബോധിപ്പിച്ചുറപ്പിച്ചവർ ആരൊക്കെയാണ്? ■ യൂദയും ശീലാസും (15:32).

277. രണ്ടാം മിഷണറി യാത്രയിൽ ആരെക്കൂടി കൂട്ടാനാണ് ബർന്നബാസ് ഇച്ഛിച്ചത്?
■ മർക്കൊസ് എന്ന യോഹന്നാനെ (15:35,36). [രണ്ടാം മിഷണറിയാത്ര: 15:35-18:22].

278. ആരൊക്കെ തമ്മിലാണ് ഉഗ്രവാദമുണ്ടായിട്ടു വേർപിരിഞ്ഞത്? ■ പൗലൊസും ബർന്നബാസും (15:38).

279. രണ്ടാം സുവിശേഷയാത്രയിൽ പൗലൊസിന്റെ കൂട്ടു വേലക്കാരൻ ആരായിരുന്നു? ■ ശീലാസ് (15:39,40).

### അദ്ധ്യായം 16

280. അപ്പൻ യവനും വിശ്വാസമുള്ളോരു യെഹൂദസ്ത്രീയുടെ മകനും ആരാണ്? ■ തിമൊഥെയൊസ് (16:1).

281. തിമൊഥെയൊസിന്റെ ഭവനം എവിടെയായിരുന്നു? ■ ലുസ്ത്രയിൽ (16:1).

282. ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു?
■ തിമൊഥെയൊസ് (16:2).

283. പൗലൊസ് പരിച്ഛേദന കഴിപ്പിച്ചത് ആരെയാണ്? ■ തിമൊഥെയൊസിനെ (16:3).

284. ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു വിലക്കിയതാരാണ്? ■ പരിശുദ്ധാത്മാവ് (16:6).

285. ബിഥുന്യെക്കു പോകുവാൻ സമ്മതിക്കാഞ്ഞത് ആരാണ്? ■ യേശുവിന്റെ ആത്മാവ് (16:7).

286. ത്രോവാസിൽവെച്ച് പൗലൊസ് കണ്ട ദർശനത്തിൽ ഏതു ദേശക്കാരനായ പുരുഷനാണ് 'നീ കടന്നുവന്നു ഞങ്ങളെ സഹായിക്ക' എന്നപേക്ഷിച്ചത്? ■ മക്കെദോന്യ (16:8,9).

287. റോമക്കാർ കുടിയേറിപ്പാർത്തിരുന്ന മക്കെദോന്യയിലെ ഒരു പ്രധാന പട്ടണം ഏതാണ്?
■ ഫിലിപ്പി (16:11,12)

288. ഫിലിപ്പിയിൽവെച്ച് ക്രിസ്തുവിനെ സ്വീകരിച്ച ആദ്യവനിത ആരാണ്? ■ ലുദിയ (16:14).

289. ലുദിയ ഏതു പട്ടണത്തിലുള്ളവളാണ്?
■ തുയത്തൈരാ (16:14). [ലുദിയ ഫിലിപ്പിയിൽ വന്നു താമസിച്ചു കച്ചവടം നടത്തുന്നവളാണ്].

290. ലുദിയ ചെയ്തിരുന്ന തൊഴിലെന്താണ്? ■ രക്താംബരം വില്പന (16:14). [കടുംചുവപ്പു നിറംപിടിപ്പിച്ച നൂലുകൊണ്ടു നെയ്ത വസ്ത്രമാണ് രക്താംബരം. രാജാക്കന്മാരും പ്രഭുക്കന്മാരും രക്താംബരം ധരിച്ചിരുന്നു].

291. ഫിലിപ്പിയിൽ സ്നാനമേറ്റ ആദ്യകുടുംബം ഏതാണ്? ■ ലുദിയയും കുടുംബവും (16:15).

292. 'എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ' എന്നു അപ്പൊസ്തലന്മാരോട് അപേക്ഷിച്ചത് ആരാണ്? ■ ലുദിയ (16:15).

293. 'ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ആരാണ് പൗലൊസിന്റെയും കൂട്ടരുടേയും പുറകേ നടന്നിരുന്നത്?
■ വെളിച്ചപ്പാടത്തിയായി ലക്ഷണം പറയുന്നവൾ (16:16,17).

294. വെളിച്ചപ്പാടത്തിയിലുള്ള ഭൂതത്തെ ഒഴിപ്പിച്ചത് ആരാണ്? ■ പൗലൊസ് (16:18).

295. പൗലൊസിനെയും ശീലാസിനെയും പിടിച്ചുകൊണ്ടുപോയി അധിപതികളുടെ മുമ്പിൽ നിർത്തിയതാരാണ്? ■ വെളിച്ചപ്പാടത്തിയുടെ യജമാനന്മാർ (16:19,20).

296. ആരെയൊക്കെയാണ് വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കിയത്?
■ പൗലൊസിനെയും ശീലാസിനെയും (16:23).

297. അർദ്ധരാത്രിക്കു കാരാഗൃഹത്തിൽ പ്രാർത്ഥിക്കുകയും ദൈവത്തെ പാടിസ്തുതിക്കുകയും ചെയ്തത് ആരൊക്കെയാണ്? ■ പൗലൊസും ശീലാസും (16:25).

298. ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചതാരാണ്? ■ കരാഗൃഹപ്രമാണി (16:26,27).

299. 'നിനക്കു ഒരു ദോഷവും ചെയ്യരുതു; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ' എന്നു ഉറക്കെ വിളിച്ചു പറഞ്ഞത് ആരാണ്? ■ പൗലൊസ്

300. വെളിച്ചം ചോദിച്ചു അകത്തേക്കുവന്ന് വിറെച്ചുകൊണ്ടു പൗലൊസിന്റെയും ശീലാസിന്റെയും മുമ്പിൽ വീണതാരാണ്? ■ കാരാഗൃഹപ്രമാണി (16:29).

301. 'യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം' എന്നു ചോദിച്ചതാരാണ്?
■ കാരാഗൃഹപ്രമാണി (16:30).

302. 'കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും' എന്നു പൗലൊസും ശീലാസും ആരോടാണ് പറഞ്ഞത്? ■ കാരാഗൃഹപ്രമാണിയോട് (16:31).

303. ഫിലിപ്പിയിൽ സ്നാനമേറ്റ രണ്ടാമത്തെ കുടുംബം ഏതാണ്? ■ കാരാഗൃഹപ്രമാണിയുടെ (16:33).

304. ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ച കുടുംബം ഏതാണ്?
■കാരാഗൃഹപ്രമാണിയുടെ (16:34).

305. 'റോമപൗരന്മാരായ ഞങ്ങളെ അവർ വിസ്താരം കൂടാതെ പരസ്യമായി അടിപ്പിച്ചു തടവിലാക്കിയല്ലോ; ഇപ്പോൾ രഹസ്യമായി ഞങ്ങളെ പുറത്താക്കുന്നുവോ?' എന്നു ചോദിച്ചതാരാണ്? ■ പൗലൊസ് (16:37).

306. തടവു വിട്ടശേഷം പൗലൊസും ശീലാസും ആരുടെ വീട്ടിലേക്കാണ് പോയത്?
■ ലുദിയയുടെ (16:40). [ലുദിയയുടെ വീടായിരുന്നു ഫിലിപ്പിയിലെ ആദ്യത്തെ സഭ. 16:40].

## അദ്ധ്യായം 17

307. ഫിലിപ്പിയിൽനിന്നും പുറപ്പെട്ടുപോയ പൗലൊസു ശീലാസും യെഹൂദന്മാരുടെ ഒരു പള്ളി ഉണ്ടായിരുന്ന എവിടെയാണ് ചെന്നത്? ■ തെസ്സലൊനീക്കയിൽ (17:1). [പള്ളി: ശനിയാഴ്ചതോറും (ശബ്ബത്ത്) തിരുവെഴുത്തു പാരായണത്തിനും പ്രബോധനത്തിനും പ്രാർത്ഥനയ്ക്കുമായി കൂടിവരുന്ന സ്ഥലം. സിനഗോഗ് എന്ന പദത്തെയാണ് പള്ളിയെന്ന് പരിഭാഷ ചെയ്തിരിക്കുന്നത്].

308. തിരുവെഴുത്തുകളെ ആധാരമാക്കി പൗലൊസ് എത്ര ശബ്ബത്തുകളിൽ തെസ്സലൊനീക്ക്യരോടു വാദിച്ചു?
■ മൂന്നു ശബ്ബത്തിൽ (17:2).

309. പൗലൊസും ശീലാസും തെസ്സലൊനീക്കയിൽ ആരുടെ വീട്ടിലാണ് താമസിച്ചിരുന്നത്?
■ യാസോന്റെ (17:6,7).

310. 'ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി' എന്നു ആരെക്കുറിച്ചാണ് പറയുന്നത്?
■ പൗലൊസിനെയും ശീലാസിനെയും (17:6).
306. കലഹം കാരണം തെസ്സലൊനീക്കയിലെ സഹോദരന്മാർ പൗലൊസിനെയും ശീലാസിനെയും എവിടേക്കാണ് അയച്ചത്? ■ ബെരോവയ്ക്ക് (17:10).

311. തെസ്സലോനീക്കയിൽ ഉള്ളവരെക്കാൾ ഉത്തമന്മാർ ആരായിരുന്നു? ■ ബെരോവക്കാർ (17:11).

312. വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നത് ആരാണ്? ■ ബെരോവക്കാർ (17:11).

313. തെസ്സലൊനീക്കയിലെ യെഹൂദന്മാർ ബെരോവയിലും വന്ന് കലഹമുണ്ടാക്കിയപ്പോൾ പൗലൊസ് എവിടേക്കാണ് പോയത്? ■ അഥേന (17:13, 15).

314. അഥേനയിൽ ആയിരിക്കുമ്പോൾ, എന്തു കണ്ടിട്ടാണ് പൗലൊസിന്റെ മനസ്സിനു ചൂടുപിടിച്ചത്?
■ നഗരത്തിൽ നിറഞ്ഞിരിക്കുന്ന ബിംബങ്ങൾ (17:16).

315. പൗലൊസിനോടു വാദിച്ച തത്വജ്ഞാനികൾ ആരൊക്കെയാണ്?
■ എപ്പിക്കൂര്യരും സ്തോയിക്കരും (17:18). [എപ്പിക്കൂര്യർ: ബി.സി. 341-നും 270-നും മദ്ധ്യേ ജീവിച്ചിരുന്ന ഗ്രീക്കു തത്വചിന്തകനായ എപ്പിക്കൂറസ്സിന്റെ അനുയായികളാണ് എപ്പിക്കൂര്യർ. സ്തോയിക്കർ: സ്റ്റോയിസിസത്തിന്റെ ഉപജ്ഞാതാവ് ബി.സി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന 'സിനോ'യാണ്. അദ്ധേഹത്തിന്റെ അനുയായികളാണ് സ്തോയിക്കർ].

316. 'വിടുവായൻ' എന്നും 'അന്യദേവതകളെ ഘോഷിക്കുന്നവൻ' എന്നും തത്വജ്ഞാനികൾ പൗലൊസിനെ പറയാൻ കാരണമെന്ത്? ■ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കകൊണ്ട് (17:18).

317. 'നീ പ്രസ്താവിക്കുന്ന ഈ നവീനോപദേശം എന്തു എന്നു അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്നുപറഞ്ഞ് അഥേനർ പൗലൊസിനെ എവിടെയാണ് കൊണ്ടുപോയി നിർത്തിയത്?
■ അരയോപഗക്കുന്നിന്മേൽ (17:19,20).

318. 'വല്ല പുതുമയും പറകയോ കേൾക്കയോ ചെയ്‌വാനല്ലാതെ മറ്റൊന്നിന്നും അവസരമുള്ളവരല്ല' ഇത് ആരെക്കുറിച്ചാണ് പറയുന്നത്? ■ അഥേനർ (17:21).

319. പൗലൊസ് അഥേനരുടെ പൂജാസ്ഥാനങ്ങളെ ചുറ്റിനടന്നു നോക്കിയപ്പോൾ എന്തെഴുതിയ വേദിക്കല്ലാണ് കണ്ടത്? ■ "അജ്ഞാത ദേവനു' എന്നെഴുതിയ (17:23).

320. കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യാത്തതും, മാനുഷ്യകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടാത്തതും ആരാണ്? ■ ദൈവം (17:24,25).

321. എന്താണ് ദൈവം മനുഷ്യരോടു കല്പിക്കുന്നത്? ■ എല്ലാവരും മാനസാന്തരപ്പെടേണം (17:30).

322. 'താൻ നിയമിച്ച പുരുഷൻ (യേശു) മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ദൈവം ഒരു ദിവസത്തെ നിശ്ചയിച്ചു.' ഏതൊന്നിലാണ് ഇക്കാര്യം ഉറപ്പിച്ചിരിക്കുന്നത്?
■ യേശുവിനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ (17:31).

323. അഥേനയിൽ വിശ്വസിച്ചവർ എത്രപേരാണ്? ആരൊക്കെ?
■ അരയോപഗസ്ഥാനിയായ ദിയൊനുസ്യോസും ദമരീസ് എന്ന സ്ത്രീയും (17:34). [അരയോപഗസ്ഥാനി: അരയോപഗ കോടതിയിലെ അംഗം].

**അദ്ധ്യായം 18**

324. അഥേനവിട്ടു പൗലൊസ് എവിടേക്കാണ് പോയത്? ■ കൊരിന്ത് (18:1).

325. യെഹൂദന്മാരെല്ലാവരും റോമാനഗരം വിട്ടുപോണമെന്ന് കല്പിച്ചത് ആരാണ്?
■ ക്ലൗദ്യൊസ് (18:2). [റോമാചക്രവർത്തി]

326. പൗലൊസ് കൊരിന്തിൽ ആരുടെകൂടെ പാർത്താണ് വേലചെയ്തു പോന്നത്?

■ അക്വിലാസിനോടും പ്രിസ്കില്ലയോടും (18;2,3).

327. അക്വിലാസിന്റെ ദേശമേതാണ്? ■ പൊന്തൊസ് (18:2).

328. ശീലാസും തിമൊഥെയൊസും എവിടെനിന്നാണ് കൊരിന്തിൽവന്ന് പൗലൊസിനോട് ചേർന്നത്?
■ മക്കെദോന്യയിൽനിന്ന് (18:5).

329. കൊരിന്തിൽ പള്ളിയോടുതൊട്ടു വീടുണ്ടായിരുന്ന ദൈവഭക്തൻ ആരാണ്?
■ തീത്തൊസ് യുസ്തൊസ് (18:7).

330. തന്റെ സകല കുടുംബത്തോടുംകൂടെ കർത്താവിൽ വിശ്വസിച്ച പള്ളിപ്രമാണി ആരാണ്?
■ ക്രിസ്പൊസ് (18:8).

331. 'നീ ഭയപ്പെടാതെ പ്രസംഗിക്ക; മിണ്ടാതിരിക്കരുതു; ഞാൻ നിന്നോടുകൂടെ ഉണ്ടു; ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല; ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ടു' എന്നു ആരോടാണ് കർത്താവ് പറഞ്ഞത്? ■ പൗലൊസിനോട് (18:9,10).

332. ഒരാണ്ടും ആറുമാസവും പൗലൊസ് ദൈവവചനം ഉപദേശിച്ചുകൊണ്ടു താമസിച്ചതെവിടെയാണ്?
■ കൊരിന്തിൽ (18:11).

333. അഖായയിൽ ആര് ദേശാധിപതിയായി വാഴുമ്പോഴാണ് യെഹൂദന്മാർ പൗലൊസിന്റെ നേരെ എഴുന്നേറ്റത്?
■ ഗല്ലിയോൻ (18:2). [റോമാ ചക്രവർത്തിയായ ക്ലൗദ്യൊസ് എ.ഡി. 52-ൽ ഗല്ലിയോനെ അഖായയിലെ ദേശാധിപതിയായി നിയമിച്ചു].

334. ഏത് പള്ളിപ്രമാണിയെയാണ് ന്യായാസനത്തിന്റെ മുമ്പിൽ വെച്ചു യെഹൂദന്മാർ അടിച്ചത്?
■ സോസ്ഥനേസിനെ (18:17).

335. എവിടെവെച്ചാണ് പൗലൊസ് തനിക്കു ഒരു നേർച്ച ഉണ്ടായിരുന്നതിനാൽ തല ക്ഷൗരം ചെയ്യിച്ചിത്?
■ കെംക്രയയിൽ വെച്ച് (18:18).

336. കെംക്രയയിൽനിന്ന് പ്രിസ്കില്ലയോടും അക്വിലാസിനോടും കൂടെ കപ്പൽ കയറിയ പൗലൊസ് എവിടെച്ചെന്നാണ് ശുശ്രൂഷിച്ചത്? ■ എഫെസോസിൽ (18:18,19).

337. യെരൂശലേമിലേക്കു ചെന്നു, സഭയെ വന്ദനം ചെയ്തിട്ടു പൗലൊസ് എവിടേക്കാണ് പോയത്?
■ അന്ത്യൊക്ക്യയിലേക്ക് (18:22).

338. അലക്സാന്ത്രിയക്കാരനായ വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള യെഹൂദൻ ആരാണ്? ■ അപ്പൊല്ലോസ് (18:24).

339. യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്ന ആത്മാവിൽ എരിവുള്ളവൻ ആരായിരുന്നു?
■ അപ്പൊല്ലോസ് (18:25).

340. അക്വിലാസും പ്രിസ്കില്ലയും കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി തെളിയിച്ചുകൊടുത്തത് ആർക്കാണ്? ■ അപ്പൊല്ലോസിന് (18:26).

341. 'യേശു തന്നേ ക്രിസ്തു' എന്നു തിരുവെഴുത്തുകളാൽ തെളിയിച്ചു അഖായയിലെ യെഹൂദന്മാരെ പരസ്യമായി ഖണ്ഡിച്ചുകളഞ്ഞത് ആരാണ്? ■ അപ്പൊല്ലോസ് (18:28).

## അദ്ധ്യായം 19

342. അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ ആരാണ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോസിൽ എത്തിയത്? ■ പൗലൊസ് (19:1).

343. 'നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ' എന്നു പൗലൊസ് എവിടെയുള്ള വിശ്വാസികളോടാണ് ചോദിച്ചത്? ■ എഫെസോസിലെ (19;2).

344. പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും കേട്ടിട്ടില്ലാത്തത് എവിടെയുള്ള ശിഷ്യന്മാരാണ്?
■ എഫെസോസിലെ (19:2).

345. എഫെസോസിലെ ശിഷ്യന്മാർ ഏറ്റിരുന്ന സ്നാനം ഏതാണ്? ■യോഹന്നാന്റെ സ്നാനം (19:3).

346. പൗലൊസ് കൈവെച്ചപ്പോൾ പരിശുദ്ധാത്മാവ് ലഭിച്ച എഫെസോസിലെ ശിഷ്യന്മാർ എത്രപേരായിരുന്നു?
■ പന്ത്രണ്ടോളം പേർ (19:6,7).

347. എഫെസോസിലെ പള്ളിയിൽ ദൈവരാജ്യത്തെക്കുറിച്ചു സംവാദിച്ചും സമ്മതിപ്പിച്ചുംകൊണ്ടു പൗലൊസ് എത്രകാലം പ്രസംഗിച്ചു? ■ മൂന്നു മാസത്തോളം (19:8).

348. എഫെസൊസിൽ ആരുടെ പാഠശാലയിലാണ് ദിനംപ്രതി സംവാദിച്ചുപോന്നത്?
■ തുറന്നൊസിന്റെ പാഠശാലയിൽ (19:9).

349. തുറന്നൊസിന്റെ പാഠശാലയിൽ എത്രകാലം പൗലൊസ് ശുശ്രൂഷിച്ചു? ■ രണ്ടു വർഷത്തോളം (19:10).

350. ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ സംഗതിയായതെന്താണ്? ■ തുറന്നൊസിന്റെ പാഠശാലയിലെ രണ്ടുവർഷത്തെ ശുശ്രൂഷ (19:10).

351. ദൈവം ആര് മുഖാന്തരമാണ് അസാധാരണയായ വീര്യപ്രവൃത്തികളെ ചെയ്യിച്ചത്? ■ പൗലൊസ് (19:11).

352. റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുമ്പോൾ സൗഖ്യം ലഭിച്ചത് എവിടെവെച്ചാണ്?
■ എഫെസൊസിൽ (19:12).

353. 'പൗലൊസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു ആണയിടുന്നു' എന്നു ദുരാത്മാവിനോടു വ്യാജമായി കല്പിച്ചത് ആരാണ്? ■ മഹാപുരോഹിതനായ 'സ്കേവാ'യുടെ മക്കൾ (19:13,14).

354. 'യേശുവിനെ ഞാൻ അറിയുന്നു; പൗലൊസിനെയും പരിചയമുണ്ടു; എന്നാൽ നിങ്ങൾ ആർ' എന്നു ചോദിച്ചതാരാണ്? ■ ദുരാത്മാവ് (19:15).

355. ദുരാത്മാവുള്ള മനുഷ്യന്റെ ആക്രമണത്താൽ നഗ്നരും മുറിവേറ്റവരുമായി ഓടിപ്പോയത് എത്രപേരാണ്?
■ ഏഴുപേർ (19:14, 16).

356. എഫേസൊസിൽ പാർക്കുന്ന സകലരും അറിഞ്ഞിട്ടു; കർത്താവായ യേശുവിന്റെ നാമം മഹിമപ്പെടുവാനുണ്ടായ സംഗതി ഏതാണ്?
■ യേശുവിന്റെ നാമം വൃഥാ ഉപയോഗിച്ചിട്ട് ദുരാത്മാവിനാൽ മുറിവേറ്റത് (19:17).

357. എഫെസൊസിൽ ക്ഷുദ്രപ്രയോഗം ചെയ്തിരുന്നവർ എത്ര വെള്ളിക്കാശു വിലമതിക്കുന്ന പുസ്തകങ്ങളാണ് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞത്? ■ അമ്പതിനായിരം (19:19).

358. എഫെസൊസിൽനിന്ന് ആരെയൊക്കെയാണ് പൗലൊസ് മക്കെദോന്യയിലേക്കു അയച്ചിത്?
■ തിമൊഥെയൊസിനെയും എരസ്തൊസിനെയും (19:22).

359. വെള്ളികൊണ്ടു അർത്തെമിസ് ദേവിയുടെ ക്ഷേത്രരൂപങ്ങളെ തീർക്കുന്ന തട്ടാൻ ആരാണ്?
■ ദെമേത്രിയൊസ് (19:14).

360. 'കയ്യാൽ തീർത്തതു ദേവന്മാർ അല്ല' എന്നു എഫെസൊസിലും ആസ്യമുഴുവനും സമ്മതിപ്പിച്ചവൻ ആരാണ്? ■ പൗലൊസ് (19:26).

361. ആസ്യമുഴുവനും ഭൂതലവും ഭജിച്ചുപോരുന്നവളെന്ന് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
■ അർത്തെമിസ് ദേവി (19:27). [അർത്തെമിസ്: പുരാണ കഥയനുസരിച്ച് സൂയസ് ദേവന്റെ മകളാണ് അർത്തെമിസ്. ഗ്രീക്കുകാർ ഡയാനയെന്നും, റോമാക്കാർ അർത്തെമിസ് എന്നും വിളിക്കുന്നു].

362. പൗലൊസിന്റെ കൂട്ടുയാത്രക്കാരായ മക്കെദോന്യർ ആരൊക്കെയാണ്?
■ ഗായൊസും അരിസ്തർഹോസും (19:29).

363. 'എഫെസോസ് പട്ടണം അർത്തെമിസ് മഹാദേവിക്കും ദ്യോവിൽനിന്നു വീണ ബിംബത്തിന്നും ക്ഷേത്രപാലക എന്നു അറിയാത്ത മനുഷ്യൻ ആർ?' എന്നു പറഞ്ഞതാരാണ്?
■ പട്ടണമേനവൻ (19:35). [ദ്യോവ്: ആകാശം. പട്ടണമേനവൻ: പട്ടണത്തിലെ രേഖകൾ സൂക്ഷിക്കുന്നവനാണ് പട്ടണമേനവൻ. ഗണ്യമായ അധികാരവും സ്വാധീനവും ഇയാൾക്കുണ്ട്].

**അദ്ധ്യായം 20**

364. എഫെസൊസിലെ കലഹം ശമിച്ചശേഷം പൗലൊസ് എവിടേക്കാണ് പുറപ്പെട്ടു പോയത്?
■ മക്കെദോന്യെക്കു (20:1).

365. യവനദേശത്തു (കൊരിന്ത്) പൗലൊസ് എത്രമാസം താമസിച്ചു? ■ മൂന്നു മാസം (20:2,3). [യവനദേശം (ഗ്രീസ്): പ്രാചീന ഗ്രീസിലെ പഴക്കം ചെന്നതും, പ്രമുഖവുമായ പട്ടണമാണ് കൊരിന്ത്].

366. പൗലൊസിനോടുകൂടെ ആസ്യവരെ എത്രപേർ പോയി? ■ ഏഴുപേർ; സോപത്രൊസ്, അരിസ്തർഹൊസ്, സെക്കുന്തൊസ്, ഗായൊസ്, തിമൊഥെയൊസ്, തുഹിക്കൊസ്, ത്രൊഫിമൊസ് (20:4).

367. ഏതു പെരുനാൾ കഴിഞ്ഞിട്ടാണ് പൗലൊസും കൂട്ടരും ഫിലിപ്പിയിൽ നിന്നു കപ്പൽ കയറി ത്രോവാസിൽ എത്തിയത്? ■ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ (20:6).

368. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ അപ്പം നുറുക്കുവാൻ കൂടിവന്നതായി പറഞ്ഞിരിക്കുന്ന ദേശം ഏതാണ്? ■ ത്രോവാസ് (20:7).

369. നിദ്രാവശനായി മൂന്നാം തട്ടിൽ നിന്നു താഴെ വീണുമരിച്ച യൗവനക്കാരൻ ആരാണ്?
■ യൂത്തിക്കൊസ് (20:8,9).

370. 'ശവത്തിന്മേൽ വീണു തഴുകി: ഭ്രമിക്കേണ്ടാ; അവന്റെ പ്രാണൻ അവനിൽ ഉണ്ടു' എന്നു പറഞ്ഞതാരാണ്?
■ പൗലൊസ് (20:10).

371. കഴിയുമെങ്കിൽ ഏതു പെരുനാളിൽ യെരൂശലേമിൽ എത്തേണ്ടതിനാണ് പൗലൊസ് ബദ്ധപ്പെട്ടത്?
■ പെന്തകൊസ്തുനാൾ (20:16).

372. എവിടെനിന്നാണ് എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തിയത്?
■ മിലേത്തൊസിൽ (20:17).

373. 'ഇപ്പോൾ ഇതാ, ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരൂശലേമിലേക്കു പോകുന്നു' എന്നു പറഞ്ഞത് ആരാണ്? ■ പൗലൊസ് (20:22).

374. 'ബന്ധനങ്ങളും കഷ്ടങ്ങളും കാത്തിരിക്കുന്നു' എന്നു പരിശുദ്ധാത്മാവു പട്ടണം തോറും സാക്ഷ്യം പറയുന്നത് ആരെക്കുറിച്ചാണ്? ■ പൗലൊസിനെക്കുറിച്ച് (20:23).

375. 'നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ' എന്നു പൗലൊസ് ആരോടാണ് പറഞ്ഞത്? ■ സഭകളുടെ മൂപ്പന്മാരോട് (20:28).

376. ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ മോഹിച്ചിട്ടില്ലാത്തത് ആരാണ്? ■ പൗലൊസ് (20:33).

377. 'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം' എന്നു ആരാണ് പറഞ്ഞത്?
■ കർത്താവായ യേശു (20:35).

**അദ്ധ്യായം 21**

378. എവിടെയുള്ള ശിഷ്യന്മാരാണ് പൗലൊസിനോട് 'യെരൂശലേമിൽ പോകരുതു' എന്നു ആത്മാവിനാൽ പറഞ്ഞത്? ■ സോരിലുള്ള (21:3,4).

379. കൈസര്യയിൽ ആരുടെ വീട്ടിലാണ് പൗലൊസും കൂട്ടരും താമസിച്ചത്?
■ സുവിശേഷകനായ ഫിലിപ്പൊസിന്റെ വീട്ടിൽ (21:8).

380. 'കന്യകമാരും പ്രവചിക്കുന്നവരുമായ നാലു പുത്രിമാർ ഉണ്ടായിരുന്നത് ആർക്കാണ്?
■ ഫിലിപ്പൊസിന് (21:9).

381. പൗലൊസ് കൈസര്യയിൽ പാർക്കുമ്പോൾ ഏതു പ്രവാചകനാണ് അവിടെ വന്നത്?
■ അഗബൊസ് (21:10).

382. പ്രവാചകൻ എവിടെനിന്നാണ് കൈസര്യയിൽ എത്തിയത്? ■ യെഹൂദ്യയിൽ നിന്നു (21:10).

383. 'പൗലൊസിന്റെ അരക്കച്ച എടുത്തു തന്റെ കൈകാലുകളെ കെട്ടി: ഈ അരക്കച്ചയുടെ ഉടമസ്ഥനെ

യെഹൂദന്മാർ യെരൂശലേമിൽ ഇങ്ങനെ ബന്ധിക്കും' എന്നു പ്രവചിച്ചതാരാണ്? ■ അഗബൊസ് (21:11).

384. കർത്താവായ യേശുവിന്റെ നാമത്തിന്നു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരൂശലേമിൽ മരിപ്പാനും ഒരുങ്ങിയിരിക്കുന്നത് ആരാണ്? ■ പൗലൊസ് (21:13).

385. പൗലൊസും കൂട്ടരും യെരൂശലേമിൽ അഥിതികളായി പാർത്തത് കുപ്രൊസ്കാരനായ ഏതു ശിഷ്യന്റെ കൂടെയാണ്? ■ മ്നാസോൻ (21:16).

386. യെരൂശലേമിൽ ചെന്നിട്ട് പൗലൊസും കൂട്ടരും ഏതു അപ്പൊസ്തലന്റെ അടുക്കലാണ് പോയത്? ■ യാക്കോബിന്റെ (21:18).

387. പൗലൊസ് നേർച്ചയുള്ള എത്ര പുരുഷന്മാരെ കൂട്ടിയാണ് ദൈവാലയത്തിൽ ചെന്നത്? ■ നാലു പുരുഷന്മാരെ (21:23, 26).

388. എവിടെനിന്നു വന്ന യെഹൂദന്മാരാണ് പൗലൊസിനെ ദൈവാലയത്തിൽ കണ്ടിട്ടു പുരുഷാരത്തെ ഒക്കെയും ഇളക്കി അവനെ പിടിച്ചത്? ■ ആസ്യയിൽ നിന്നു (21:27).

389. യെരൂശലേമിൽവെച്ച് യെഹൂദന്മാർ പൗലൊസിനെതിരെ ആരോപിച്ച കുറ്റം എന്താണ്? ■ വിശുദ്ധ സ്ഥലം തീണ്ടിച്ചുകളഞ്ഞു (21:28).

390. പൗലൊസ് ആരെ ദൈവാലയത്തിൽ കൂട്ടിക്കൊണ്ടുവന്നു എന്നാണ് അവനെ പിടിച്ചവർ നിരൂപിച്ചത്? ■ എഫെസ്യനായ ത്രോഫിമോസിനെ (21:29).

391. യെരൂശലേം ഒക്കെയും കലക്കത്തിൽ ആയി എന്നു പട്ടാളത്തിന്റെ ആർക്കാണ് വർത്തമാനം എത്തിയത്? ■ സഹസ്രാധിപന് 21:31). [സഹസ്രാധിപൻ: ആയിരം ഭടന്മാർക്ക് അധിപൻ].

392. 'കുറെ നാൾ മുമ്പെ കലഹം ഉണ്ടാക്കി നാലായിരം കട്ടാരക്കാരെ മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയ മിസ്രയീമ്യൻ നീ അല്ലയോ' എന്നു സഹസ്രാധിപൻ ആരോടാണ് ചോദിച്ചത്?
■ പൗലൊസിനോട് (21:38). [കട്ടാരക്കാരൻ: കഠാരി ആയുധമായി എടുത്തവൻ അഥവാ, കൊല ചെയ്യാൻ വേണ്ടി കഠാരി ഒളിച്ചു കൊണ്ടുനടക്കുന്നവൻ].

393. പൗലൊസിന്റെ ജന്മസ്ഥലം ഏതാണ്? ■ കിലിക്യയിലെ തർസൊസ് (21:39).

394. സഹസ്രാധിപന്റെ കോട്ടയിൽവെച്ച് പൗലൊസ് ജനത്തോട് ഏതു ഭാഷയിലാണ് പ്രതിവാദം ചെയ്തത്? ■ എബ്രായഭാഷയിൽ (21:40).

**അദ്ധ്യായം 22**

395. പൗലൊസ് ഏതു ഭാഷയിൽ സംസാരിക്കുന്നതു കേട്ടിട്ടാണ് യെഹൂദന്മാർ അധികം മൗനമായി നിന്നത്? ■ എബ്രായ (22:2).

396. പൗലൊസ് ആരുടെ കാല്ക്കൽ ഇരുന്നാണ് ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചത്? ■ ഗമാലിയേലിന്റെ (22:3).

397. സകല യെഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനും ന്യായപ്രമാണപ്രകാരം ഭക്തിയുള്ള പുരുഷനും ആരാണ്? ■ അനന്യാസ് (22:12).

398. 'നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും നീതിമാനായവനെ കാണ്മാനും അവന്റെ വായിൽ നിന്നും വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു' ഇതു ആര് ആരോട് പറയുന്ന വചനമാണ്
■ അനന്യാസ് പൗലൊസിനോട് (22:14).

399. 'ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക' എന്നു ആരാണ് പൗലൊസിനോടു പറഞ്ഞത്? ■ അനന്യാസ് (22:16).

400. 'നീ ബദ്ധപ്പെട്ടു വേഗം യെരൂശലേം വിട്ടുപോക; നീ എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം അവർ കൈക്കൊൾകയില്ല' എന്നു കർത്താവ് ആരോടാണ് പറഞ്ഞത്? ■ പൗലൊസിനോട് (22:18).

401. സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ സമ്മതിച്ചതാരാണ്? ■ പൗലൊസ് (22:20).

402. 'നീ പോക; ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുക്കലേക്കു അയക്കും' എന്നാരാണ് പൗലൊസിനോട്

പറഞ്ഞത്? ■ കർത്താവ് (22:21).

403. പൗലൊസിനെ ചമ്മട്ടികൊണ്ടു ചോദ്യം ചെയ്യേണം എന്നു പറഞ്ഞതാരാണ്? ■ സഹസ്രാധിപൻ (22:24).

404. 'റോമപൗരനും വിസ്താരം കഴിയാത്തവനുമായ മനുഷ്യനെ ചമ്മട്ടികൊണ്ടു അടിക്കുന്നതു വിഹിതമോ' ഇതു ആര് ആരോട് ചോദിച്ചതാണ്? ■ പൗലൊസ് ശതാധിപനോട് (22:25).

405. 'നീ എന്തു ചെയ് വാൻ പോകുന്നു? ഈ മനുഷ്യൻ റോമപൗരൻ ആകുന്നു' എന്നു ശതാധിപൻ ആരോടാണ് പറഞ്ഞത്? ■ സഹസ്രാധിപനോട് (22:26).

406. ഏറിയ മുതൽ കൊടുത്തു റോമാ പൗരത്വം സമ്പാദിച്ചതാരാണ്? ■ സഹസ്രാധിപൻ (22:28).

407. റോമാപൗരനായി ജനിച്ച കർത്താവിന്റെ അപ്പൊസ്തലൻ ആരാണ്? ■ പൗലൊസ് (22:28).

**അദ്ധ്യായം 23**

408. പൗലൊസിന്റെ വായിക്ക് (മുഖത്ത്) അടിക്കാൻ കല്പിച്ചത് ആരാണ്?
■ മഹാപുരോഹിതനായ അനന്യാസ് (23:2).

409. 'വെള്ള തേച്ച ചുവരേ' എന്നാരാണ് മഹാപുരോഹിതനെ വിളിച്ചത്? ■ പൗലൊസ് (23:3).

410. "നിന്റെ ജനത്തിന്റെ അധിപതിയെ ദുഷിക്കരുതു"ഈ പഴയനിയമഭാഗം ഏതാണ്?
■ പുറപ്പാട് 22:28 (23:5).

411. 'ഞാൻ ഒരു പരീശനും പരീശന്മാരുടെ മകനും ആകുന്നു' ഇത് ആരുടെ വാക്കുകളാണ്?
■ പൗലൊസിന്റെ (23:6).

412. 'പുനരുത്ഥാനവും, ദൂതനും ആത്മാവും ഇല്ല' എന്നു പറയുന്നതാരാണ്? ■ സദൂക്യർ (23:8). [സദൂക്യർ: യേശുക്രിസ്തുവിന്റെ കാലത്ത് യെഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു മതവിഭാഗം].

413. പുനരുത്ഥാനവും, ദൂതനും ആത്മാവും ഉണ്ടു' എന്നു വിശ്വസിക്കുന്നതാരാണ്?
■ പരീശന്മാർ (23:8). [പരീശന്മാർ: സെരൂബ്ബാബേലിന്റെയും എസ്രായുടെയും കാലംമുതൽ വേർപാട് പാലിച്ച ഒരുവിഭാഗം യെഹൂദന്മാർ].

414. 'ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല; ഒരാത്മാവോ ഒരു ദൂതനോ അവനോടു സംസാരിച്ചു എന്നു വന്നേക്കാം' ഇങ്ങനെ വാദിച്ചതാരാണ്? ■ പരീശപക്ഷത്തിലെ ശാസ്ത്രിമാർ (23:9).

415. പൗലൊസിനെ ജനം ചീന്തിക്കളയും എന്നു ആരാണ് പേടിച്ചത്? ■ സഹസ്രാധിപൻ (23:10).

416. 'ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ചു യെരൂശലേമിൽ സാക്ഷീകരിച്ചതുപോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു' ഇത് കർത്താവ് ആരോട് പറഞ്ഞതാണ്? ■ പൗലൊസിനോട് (23:11).

417. 'പൗലൊസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കയോ ചെയ്കയില്ല' എന്നു ശപഥം ചെയ്തവർ എത്രപേരായിരുന്നു? ■ നാല്പതിൽ അധികംപേർ (23:12,13).

418. പൗലൊസിനെ കൊല്ലുവാനുള്ള പതിയിരിപ്പിനെക്കുറിച്ചു കേട്ടിട്ടു ആരാണ് പൗലൊസിനോടു പറഞ്ഞത്?
■ പെങ്ങളുടെ മകൻ (23:16).

419. രാത്രിയിൽ പൗലൊസിനെ എവിടേക്കു കൊണ്ടുപോകുവാനാണ് കാലാളെയും കുതിരച്ചേവകരെയും കുന്തക്കാരെയും ഒരുക്കിയത്?
■ കൈസര്യയ്ക്ക് (23:23). [യെഹൂദയിലെ ദേശാധിപതിയുടെ ആസ്ഥാനം കൈസര്യയായിരുന്നു].

420. എത്രമണിക്കാണ് കൈസര്യയിലേക്ക് കൊണ്ടുപോയത്?
■ രാത്രി മൂന്നാംമണി (23:23). [രാത്രി ഒൻപത് മണി].

421. അക്കാലത്തെ ദേശാധിപതി ആരായിരുന്നു?
■ ഫേലിക്സ് (23:24). [ഫേലിക്സ് എ.ഡി. 52-60 വരെ യെഹൂദ്യയിലെ ദേശാധിപതിയായിരുന്നു].

422. പൗലൊസിനെ കൈസര്യയിലേക്ക് അയച്ച സഹസ്രാധിപന്റെ പേരെന്ത്?

■ ക്ലൗദ്യൊസ് ലുസിയാസ് (23:26, 24:7). [ഈ വാക്യത്തിന്റെ സത്യവേദപുസ്തകം പരിഭാഷ കൃത്യമല്ല. ശരിയായ പരിഭാഷ ചേർക്കുന്നു: "ശ്രേഷ്ഠനായ രാജശ്രീ ഫേലിക്സ് ദേശാധിപതിക്ക് ക്ലൌദ്യൊസ് ലുസിയാസ് വന്ദനം ചൊല്ലുന്നു."(മ.ബൈ). "Claudius Lysias to the most excellent governor Felix, sends greeting."ABU].

423. 'അവരുടെ ന്യായപ്രമാണം സംബന്ധിച്ചുള്ള തർക്കങ്ങളെക്കുറിച്ചു കുറ്റം ചുമത്തുന്നതല്ലാതെ മരണത്തിന്നോ ചങ്ങലെക്കോ യോഗ്യമായതു ഒന്നും ഇല്ല' എന്നു പൗലൊസിനെക്കുറിച്ചു സാക്ഷ്യം പറഞ്ഞതാരാണ്? ■ സഹസ്രാധിപൻ (23:29).

424. കൈസര്യരിൽ ആരുടെ ആസ്ഥാനത്തിൽ പൗലൊസിനെ കാത്തുകൊൾവാനാണ് ദേശാധിപതി കല്പിച്ചത്? ■ ഹെരോദാവിന്റെ (23:35).

## അദ്ധ്യായം 24

425. മഹാപുരോഹിതനായ അനന്യാസ് ഏത് വ്യവഹാരജ്ഞനെ കൂട്ടിവന്നാണ് പൗലൊസിന്റെ നേരെ അന്യായം ബോധിപ്പിച്ചത്? ■ തെർത്തുല്ലൊസ് (24:1).

426. പൗലൊസിനെ ഒരു ബാധയെന്ന് ആരാണ് പറഞ്ഞത്? ■ തെർത്തുല്ലൊസ് (24:5).

427. 'നസറായമതത്തിനു മുമ്പൻ' എന്നു വിശേഷിപ്പിച്ചത് ആരെയാണ്? ■ പൗലൊസിനെ (24:5).

428. 'നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു' എന്നു പറഞ്ഞതാരാണ്? ■ പൗലൊസ് (24:15).

429. ക്രിസ്തുമാർഗ്ഗം സംബന്ധിച്ചു സൂക്ഷ്മമായ അറിവുണ്ടായിരുന്ന ദേശാധിപതി ആരാണ്? ■ ഫേലിക്സ് (24:22).

430. 'ആരു വരുമ്പോൾ ഞാൻ നിങ്ങളുടെ കാര്യം തീർച്ചപ്പെടുത്തും' എന്നു പറഞ്ഞാണ് ഫേലിക്സ് അവധിവെച്ചത്? ■ ലുസിയാസ് സഹസ്രാധിപൻ (24:22).

431. ഫേലിക്സിന്റെ ഭാര്യയായ യെഹൂദ സ്ത്രീയുടെ പേരെന്താണ്? ■ ദ്രുസില്ല (24:24).

432. ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെക്കുറിച്ചു പൗലൊസിന്റെ പ്രസംഗം കേട്ട ദേശാധിപതിയും ഭാര്യയും ആരൊക്കെ? ■ ഫേലിക്സും ദ്രുസില്ലയും (24:24).

433. 'നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി' എന്നിവയെക്കുറിച്ചു കേട്ടിട്ടു ഭയപ്പെട്ടതാരാണ്? ■ ഫേലിക്സ് (24:25).

434. 'പൗലൊസ് തനിക്കു ദ്രവ്യം തരും' എന്നു ആശിച്ച ദേശാധിപതി ആരാണ്? ■ ഫേലിക്സ് (24:26).

435. ഫേലിക്സിനു ശേഷം വന്ന ദേശാധിപതി ആരാണ്? ■ പൊർക്ക്യൊസ് ഫെസ്തൊസ് (24:27).

436. യെഹൂദന്മാരുടെ പ്രീതി സമ്പാദിക്കേണം എന്നു വെച്ചു പൗലൊസിനെ തടവുകാരനായി വിട്ടേച്ചുപോയ ദേശാധിപതി ആരാണ്? ■ ഫേലിക്സ് (24:27).

## അദ്ധ്യായം 25

437. ഫെസ്തൊസ് സംസ്ഥാനത്തിൽ വന്നിട്ടു മൂന്നു നാൾ കഴിഞ്ഞശേഷം കൈസര്യയിൽ നിന്നു എവിടേക്കാണ് പോയത്? ■ യെരൂശലേമിലേക്കു (25:1).

438. പൗലൊസിനെ യെരൂശലേമിലേക്കു വരുത്തേണ്ടതിനു അവനു പ്രതികൂലമായി യെഹൂദന്മാർ ആരോടാണ് അപേക്ഷിച്ചത്? ■ ഫെസ്തൊസിനോട് (25:3).

439. ആരെ ഒടുക്കിക്കളവാനാണ് യെഹൂദന്മാർ വഴിയിൽ പതിയിരിപ്പു നിർത്തിയത്? ■ പൗലൊസിനെ (25:4).

440. ഫെസ്തൊസ് ഏകദേശം എത്രദിവസം യെരൂശലേമിൽ താമസിച്ചശേഷമാണ് കൈസര്യക്കു മടങ്ങിപ്പോയത്? ■ എട്ടു-പത്തു ദിവസം (25:6).

441. 'യെഹൂദന്മാരുടെ ന്യായപ്രമാണത്തോടാകട്ടെ ദൈവാലയത്തോടാകട്ടെ കൈസരോടാകട്ടെ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല' എന്നു പറഞ്ഞതാരാണ്? ■ പൗലൊസ് (25:8).

442. കൈസറെ അഭയം ചൊല്ലിയതാരാണ്? ■ പൗലൊസ് (25:12).

443. ഫെസ്തോസിനെ വന്ദനം ചെയ്വാൻ കൈസര്യയിൽ എത്തിയ രാജാവാരാണ്?
■അഗ്രിപ്പാരാജാവ് (25:13). [ഹെരോദാഅഗ്രിപ്പാ രണ്ടാമൻ: അഗ്രിപ്പാ ഒന്നാമന്റെ പുത്രനാണിയാൾ. 12:1].

444. അഗ്രിപ്പാരാജാവിന്റെ കൂടെയുള്ള സ്ത്രീയുടെ പേരെന്താണ്?
■ ബെർന്നീക്ക (25:13). [ഹെരോദാഅഗ്രിപ്പാ ഒന്നാമന്റെ മൂത്തമകൾ. ഇവളുടെ സഹോദരിയാണ് ഫേലിക്സിന്റെ ഭാര്യ ദ്രുസില്ല. 24:24].

445. പൗലൊസിന്റെ സംഗതി ഫെസ്തൊസ് ആരോടാണ് വിവരിച്ചു പറഞ്ഞത്?
■ അഗ്രിപ്പാരാജാവിനോട് (25:14).

446. പൗലൊസിന്റെ പ്രസംഗം കേൾപ്പാൻ എനിക്കും ആഗ്രഹമുണ്ടെന്നു പറഞ്ഞ രാജാവാരാണ്?
■ അഗ്രിപ്പാവ് (25:22).

447. വളരെ ആഡംബരത്തോടെ പൗലൊസിന്റെ പ്രസംഗം കേൾക്കാൻ വന്നത് ആരൊക്കെയാണ്?
■ അഗ്രിപ്പാവും ബെർന്നീക്കയും (25:23).

448. 'തടവുകാരനെ അയക്കുമ്പോൾ അവന്റെ പേരിലുള്ള കുറ്റം കാണിക്കാതിരിക്കുന്നതു യുക്തമല്ല' എന്നു പറഞ്ഞതാരാണ്? ■ ഫെസ്തോസ് (25:27).

### അദ്ധ്യായം 26

449. 'നീ യെഹൂദന്മാരുടെ ഇടയിലെ ആചാരങ്ങളും തർക്കങ്ങളും എല്ലാം അറിയുന്നവൻ ആകയാൽ ഞാൻ ഭാഗ്യവാൻ എന്നു നിരൂപിക്കുന്നു' എന്നു പൗലൊസ് പറഞ്ഞത് ആരോടാണ്? ■ അഗ്രിപ്പാവിനോട് (26:3).

450. വിശുദ്ധന്മാരെ നിഗ്രഹിക്കുന്ന സമയം, സമ്മതം കൊടുത്തതാരാണ്? ■ പൗലൊസ് (26:10).

451. നട്ടുച്ചെക്കു പൗലൊസ് വഴിയിൽവെച്ചു സൂര്യന്റെ പ്രകാശത്തെ കവിഞ്ഞൊരു വെളിച്ചം കണ്ടത് എവിടെവെച്ചാണ്? ■ദമസ്കൊസ് (26:13).

452. 'മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു' എന്നു കർത്താവ് ഏതുഭാഷയിലാണ് പൗലൊസിനോടു സംസാരിച്ചത്? ■ എബ്രായഭാഷയിൽ (26:14).

453. 'ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു' എന്നു പൗലൊസിനോടു കല്പിച്ചതാരാണ്? ■ യേശുക്രിസ്തു (26:18).

454. സ്വർഗ്ഗീയദർശനത്തിനു അനുസരണക്കേടു കാണിക്കാഞ്ഞതാരാണ്? ■ പൗലൊസ് (26:19).

455. 'പൗലൊസേ, നിനക്കു ഭ്രാന്തുണ്ടു; വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു' എന്നു പറഞ്ഞതാരാണ്? ■ ഫെസ്തൊസ് (26:24).

456. 'ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പംകൊണ്ടു സമ്മതിപ്പിക്കുന്നു' എന്നു ആര് ആരോടു പറഞ്ഞു? ■ അഗ്രിപ്പാ പൗലൊസിനോട് (26:28).

457. 'ഇന്നു എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പംകൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകേണം എന്നു ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു' എന്നു പറഞ്ഞതാരാണ്? ■ പൗലൊസ് (26:29).

458. 'കൈസരെ അഭയം ചൊല്ലിയിരുന്നില്ലെങ്കിൽ പൗലൊസിനെ വിട്ടയപ്പാൻ കഴിയുമായിരുന്നു' എന്നു ആര് ആരോടാണ് പറഞ്ഞത്? ■ അഗ്രിപ്പാവ് ഫെസ്തൊസിനോട് (26:32).

459. പൗലൊസിനെയും മറ്റു തടവുകാരെയും ഇതല്യെക്കു കൊണ്ടുപോകാൻ ആരെയാണ് ഏല്പിച്ചത്?
■ യൂലിയൊസിനെ (27:1). [ഇതല്യ, ഇത്തല്യ: ഇറ്റലി].

### അദ്ധ്യായം 27

460. യൂലിയൊസ് ഏതു പട്ടാളത്തിന്റെ ശതാധിപനാണ്?
■ ഔഗുസ്ത്യപട്ടാളത്തിന്റെ (27:1). [ഔഗുസ്ത്യപട്ടാളം: റോമാ സൈന്യത്തിന്റെ ഒരു വിഭാഗം].

461. പൗലൊസും കൂട്ടരും ഇതല്യെക്കു പോയത് ഏതു കപ്പലിലാണ്? ■ അദ്രമുത്ത്യകപ്പലിൽ (27:2). [അദ്രമുത്ത്യം: ഏഷ്യാമൈനറിന്റെ വടക്കുപടിഞ്ഞാറായി മുസ്യയിൽ സ്ഥിതിചെയ്യുന്ന തുറമുഖപട്ടണം].

462. യൂലിയൊസിനെ കൂടാതെ, കപ്പൽയാത്രയിൽ പൗലൊസിനൊപ്പം പേർ പറഞ്ഞിരിക്കുന്നത് ആരാണ്?
■ മക്കെദോന്യക്കാരനായ അരിസ്തർഹൊസ് (27:2).

463. എവിടെയെത്തിയപ്പോഴാണ് സ്നേഹിതന്മാരുടെ അടുക്കൽ പോയി സൽക്കാരം കൈക്കൊൾവാൻ യൂലിയൊസ് പൗലൊസിനോടു ദയ കാണിച്ചത്? ■ സീദോനിൽ (27:3).

464. മുറാപ്പട്ടണത്തിൽ എത്തിയശേഷം ഇതല്യെക്കു പോകുന്ന ഏതു കപ്പലിലേക്കാണ് മാറിക്കയറിയത്?
■ അലെക്സന്ത്രിയക്കപ്പൽ (27:5,6).

465. 'ഈ യാത്രയിൽ .... ഏറിയ കഷ്ടനഷ്ടങ്ങൾ വരും' എന്നു പൗലൊസ് പറഞ്ഞതിനേക്കാൾ, ശതാധിപൻ ആരുടെ വാക്കാണ് അധികം വിശ്വസിച്ചത്?
■ മാലുമിയുടെയും കപ്പലുടമസ്ഥന്റെയും (27:10,11). [മാലുമി: കപ്പിത്താൻ].

466. കഴിവുണ്ടെങ്കിൽ ഏതു തുറമുഖത്തു ചെന്ന് ശീതകാലം കഴിക്കാനാണ് കപ്പൽക്കാർ ആലോചിച്ചത്?
■ ക്രേത്ത തുറമുഖത്ത് (27:12).

467. ക്രേത്ത ദ്വീപിന്റെ മറപറ്റി ഓടുമ്പോൾ, ഏതു കൊടുങ്കാറ്റാണ് അടിച്ചത്? ■ ഈശാനമൂലൻ (27:13,14).

468. 'പൗലൊസേ, ഭയപ്പെടരുതു; നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു; നിന്നോടുകൂടെ യാത്രചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു' എന്നു പൗലൊസിനോടു പറഞ്ഞതാരാണ്? ■ ദൈവത്തിന്റെ ദൂതൻ (27:23,24).

469. കപ്പലിലുള്ളവർ ഭക്ഷണം കഴിക്കാതെ എത്രദിവസം കഴിഞ്ഞു? ■ പതിനാലു ദിവസം (27:33).

470. കപ്പലിൽ ഉണ്ടായിരുന്ന ആൾക്കാരുടെ എണ്ണമെത്രയാണ്? ■ ഇരുനൂറ്റെഴുപത്താറ്, 276 (27:37).

471. കപ്പൽ ഉടഞ്ഞശേഷം തടവുകരെ കൊല്ലേണം എന്നു പടയാളികൾ പറഞ്ഞപ്പോൾ, പൗലൊസിനെ രക്ഷിപ്പാൻ ഇച്ഛിച്ചിട്ടു അതിനെ തടുത്തതാരാണ്? ■ ശതാധിപൻ (27:42,43).

### അദ്ധ്യായം 28

472. കപ്പലിൽ നിന്ന് രക്ഷപ്പെട്ടവർ ഏതു ദ്വീപിലാണ് ചെന്നണഞ്ഞത്? ■ മെലിത്ത ദ്വീപ് (28:1).

473. വിറകു പെറുക്കി തീയിൽ ഇട്ടപ്പൊൾ ആരുടെ കയ്യിലാണ് അണലി ചുറ്റിയത്? ■ പൗലൊസിന്റെ (28:3).

474. 'ഈ മനുഷ്യൻ ഒരു കൊലപാതകൻ സംശയമില്ല; കടലിൽ നിന്നു രക്ഷപ്പെട്ടിട്ടും നീതിദേവി അവനെ ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നില്ല' എന്നു തമ്മിൽ പറഞ്ഞതാണ്?
■ ബർബരന്മാർ (28:4). [ബർബരന്മാർ: ഭാഷ അറിയാത്തവർ അഥവാ ദ്വീപുനിവാസികൾ. ഗ്രീക്കു ഒഴികെ ഏതു ഭാഷ സംസാരിക്കുന്നവരെയും ഗ്രേക്കർ ബർബരന്മാർ എന്നാണ് വിളിച്ചിരുന്നത്].

475. പൗലൊസിനെയും കൂട്ടരെയും ആദരവോടെ സൽക്കരിച്ച ദ്വീപുപ്രമാണി ആരാണ്?
■ പുബ്ലിയൊസ് (28:7).

476. പൗലൊസ് പ്രാർത്ഥിച്ചു സൗഖ്യം വരുത്തിയത് ആരെയാണ്? ■ പുബ്ലിയൊസിന്റെ അപ്പനെ (28:8).

477. മെലിത്ത ദ്വീപിൽ കപ്പൽക്കാർ എത്രദിവസം ചിലവഴിച്ചു? ■ മൂന്നു മാസം (28:11).

478. ഏതു ചിഹ്നമുള്ള അലെക്സന്ത്രിയ കപ്പലിൽ കയറിയാണ് അവർ ദ്വീപിൽനിന്ന് പുറപ്പെട്ടത്?
■ അശ്വിനി ചിഹ്നമുള്ള (28:11).

479. എവിടെയുള്ള സഹോദരന്മാരാണ് തങ്ങളോടു കൂടെ ഏഴു നാൾ താമസിക്കേണം എന്നപേക്ഷിച്ചത്?
■ പുത്യൊലിയിൽ (28:13,14).

480. റോമയിലുള്ള സഹോദരന്മാർ എവിടെവരെയാണ് പൗലൊസിനെ എതിരേറ്റു വന്നത്?
■അപ്യപുരവും ത്രിമണ്ഡപവും വരെ (28:15).

481. എവിടെ എത്തിയശേഷമാണ് തനിക്കു കാവലായ പടയാളിയോടുകൂടെ വേറിട്ടു പാർപ്പാൻ പൗലൊസിന്നു അനുവാദം കിട്ടിയത്? ■ റോമയിൽ (28:16).

482. 'യിസ്രായേലിന്റെ പ്രത്യാശനിമിത്തം ആകുന്നു ഞാൻ ഈ ചങ്ങല ചുമക്കുന്നതു' എന്നു പൗലൊസ് ആരോടാണ് പറഞ്ഞത്? ■ റോമയിലുള്ള യെഹൂദാ പ്രമാണിമാരോട് (28:17, 20).

483. മോശെയുടെ ന്യായപ്രമാണവും പ്രവാചകപുസ്തകങ്ങളും ആധാരമാക്കി യേശുവിനെക്കുറിച്ചു അവർക്കു ബോധം വരുമാറു രാവിലെ തുടങ്ങി സന്ധ്യവരെ വിവരിച്ചതാരാണ്? ■ പൗലൊസ് (28:23).

484. "നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരിക്കും;....... അവരുടെ കണ്ണു അടെച്ചിരിക്കുന്നു എന്നു ഈ ജനത്തിന്റെ അടുക്കൽ പോയി പറക"എന്നാരാണ് യെശയ്യാപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത്? ■ പരിശുദ്ധാത്മാവ് (28:26,27 -- യെശ, 6:9,10).

485. പൗലൊസ് കൂലിക്കു വാങ്ങിയ വീട്ടിൽ എത്രവർഷം, കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചു പോന്നു? ■ രണ്ടുവർഷം (28:29,30).

**>×<=×=>×<**

**പൗലൊസിന്റെ മിഷണറിയാത്രയിൽ സഞ്ചരിച്ച സ്ഥലങ്ങൾ**

**സുറിയയിലെ അന്ത്യൊക്ക്യ:** യെരൂശലേം കഴിഞ്ഞാൽ ക്രിസ്തുമാർഗ്ഗത്തിന്റെ ആരംഭവുമായി ഇത്രയേറെ ബന്ധമുള്ള മറ്റൊരു സ്ഥലവുമില്ല. അന്ത്യൊക്ക്യയിൽ നിന്നാണ് മൂന്നു മിഷണറിയാത്രകളും പൗലൊസ് ആരംഭിക്കുന്നതും, ഒന്നും രണ്ടും സുവിശേഷയാത്രകൾ അവസാനിപ്പിച്ച് മടങ്ങിയെത്തിയതും. മൂന്നാം യാത്ര അവസാനിപ്പിച്ച് യെരൂശലേമിൽ എത്തിയതുമുതൽ കാരാഗൃഹവാസവും ആരംഭിച്ചു.

| **ഒന്നാം മിഷണറിയാത്ര:**<br>13:3 മുതൽ 14:26 വരെ | **രണ്ടാം മിഷണറിയാത്ര:**<br>15:35 മുതൽ 18:22 വരെ | **മൂന്നാം മിഷണറിയാത്ര:**<br>18:23 മുതൽ 21:17 വരെ |
|---|---|---|
| സെലൂക്യ --13:4 | സുറിയ -- 15:40 | ഗലാത്യ -- 18:23 |
| കുപ്രൊസ് ദ്വീപ് -- 13:4 | കിലിക്യ -- 15:40 | ഫ്രുഗ്യ -- 18:23 |
| സലമീസ് -- 13:5 | ദെർബ്ബ -- 16:1 | എഫെസൊസ് -- 19:1 |
| പാഫൊസ് -- 13:6 | ലുസ്ത്ര -- 16:1 | മക്കെദോന്യ (ഫിലിപ്പി) -- 20:1 |
| പെർഗ്ഗ (പംഫുല്യ) -- 13:13 | ഫ്രുഗ്യ -- 16:6 | യവനദേശം (കൊരിന്ത്) -- 20:2 |
| അന്ത്യൊക്ക്യ (പിസിദ്യ) -- 13:14 | ഗലാത്യ -- 16:6 | മക്കെദോന്യ (ഫിലിപ്പി) -- 20:3 |
| ഇക്കോന്യ -- 13:51 | മുസ്യ -- 16:7 | ആസ്യ (എഫെസൊസ്) -- 20:4 |
| ലുസ്ത്ര (ലുക്കൊവോന്യ) -- 14:8 | ത്രോവാസ് -- 16:8 | ഫിലിപ്പി -- 20:6 |
| ദെർബ്ബ (ലുക്കൊവോന്യ) -- 14:20 | സമൊത്രാക്ക -- 16:11 | ത്രോവാസ് -- 20:6 |
| ലുസ്ത്ര -- 14:21 | നവപൊലി -- 16:11 | അസ്സൊസ് -- 20:14 |
| ഇക്കോന്യ -- 14:21 | ഫിലിപ്പി -- 16:11 | മിതുലേന -- 20:14 |
| അന്ത്യൊക്ക്യ (പിസിദ്യ) -- 14:21 | അംഫിപൊലിസ് -- 17:1 | ഖിയൊസ്ദ്വീപ് -- 20;15 |
| പിസിദ്യ -- 14:24 | അപ്പൊലോന്യ -- 17:1 | സാമൊസ്ദ്വീപ് -- 20:15 |
| പംഫുല്യ -- 14:24 | തെസ്സലൊനീക്ക്യ -- 17:1 | മിലേത്തൊസ് -- 20:15 |
| പെർഗ്ഗ -- 14:25 | ബെരോവ -- 17:10 | കോസ് -- 21:1 |
| അത്തല്യ -- 14:25 | ആഥേന -- 17:15 | രൊദൊസ് -- 21:1 |
| മടക്കം: അന്ത്യൊക്ക്യ --14:26. | കൊരിന്ത് -- 18:1 | പത്തര -- 21:1 |
| | കെംക്രയ -- 18:18 | സോർ -- 21:3 |
| | എഫെസൊസ് -- 18:19 | പ്തൊലെമായിസ് -- 21:7 |
| | കൈസര്യ -- 18:22 | കൈസര്യ -- 21:8 |
| **യെരുശലേം സമ്മേളനം:15:4-30.** | യെരൂശലേം -- 18:22 | മടക്കം: യെരൂശലേമിൽ -- 21:17. |
| | മടക്കം: അന്ത്യൊക്ക്യ -- 18:22. | |

| **ഒന്നാം കാരാഗൃഹവാസം:** | **രണ്ടാം കാരാഗൃഹവാസം:** | **മൂന്നാം കാരാഗൃഹവാസം:** |
|---|---|---|
| യെരൂശലേമിൽ -- 21:30-23:30. | കൈസര്യയിൽ -- 23:31-26:32. | റോമിൽ -- 27:1-28:30. |

**പഴയനിയമഭാഗങ്ങൾ പ്രവൃത്തികളിൽ**

| പ്രവൃത്തി | പഴയനിയമഭാഗം | വിഷയം |
|---|---|---|
| 1:16 | സങ്കീർത്തനം 41:9 | പ്രാണസ്നേഹിതന്റെ വഞ്ചന |
| 1:20 | സങ്കീർത്തനം 69:25; 109:8 | വാസസ്ഥലം ശൂന്യവും; സ്ഥാനം മറ്റൊരുത്തനും ലഭിക്കും |
| 2:17-21 | യോവേൽ 2:28-32 | പരിശുദ്ധാത്മാവിന്റെ അവരോഹണം |
| 2:25-28 | സങ്കീർത്തനം 16:8-11 | ക്രിസ്തുവിന്റെ പുനരുത്ഥാനം |
| 2:31 | സങ്കീർത്തനം 16:10 | ക്രിസ്തുവിന്റെ പുനരുത്ഥാനം |
| 2:35 | സങ്കീർത്തനം 110:1 | ക്രിസ്തുവിന്റെ ആധിപത്യം |
| 3:22-23 | ആവർത്തനം 18-15-19 | മോശെയെപ്പോലൊരു പ്രവാചകൻ |
| 3:25 | ഉല്പത്തി 22:18; ഗലാ, 3:16 | അബ്രഹാമിന്റെ സന്തതിയിലൂടെ അനുഗ്രഹം |
| 4:11 | സങ്കീർത്തനം 118:22 | വീടിന്റെ മൂലക്കല്ലായ ക്രിസ്തു |
| 4:25-26 | സങ്കീർത്തനം 2:1-2 | അഭിഷിക്തനായ ക്രിസ്തു |
| 7:3 | ഉല്പത്തി 12:1 | വാഗ്ദത്തനാട്ടിലേക്കുള്ള അബ്രാഹാമിന്റെ പ്രയാണം |
| 7:6-7 | ഉല്പത്തി 15:13-14 | മിസ്രയീമ്യ ദാസ്യത്വവും മോചനവും |
| 7:27-28 | പുറപ്പാട് 2:14 | സ്വന്തജനത്താൽ തള്ളപ്പെടുന്ന മോശെ |
| 7:32 | പുറപ്പാട് 3:6 | പിതാക്കന്മാരുടെ ദൈവം മോശെയ്ക്കു വെളിപ്പെടുന്നു |
| 7:33 | പുറപ്പാട് 3:5 | വിശുദ്ധനായ ദൈവം അശുദ്ധനായ മനുഷ്യൻ |
| 7:34 | പുറപ്പാട് 3:7-8 | ദൈവം മോശെയെ തിരഞ്ഞെടുക്കുന്നു |
| 7:37 | ആവർത്തനം18:15 | മോശെയെപ്പോലൊരു പ്രവാചകൻ |
| 7:40 | പുറപ്പാട് 3:1, 23 | യിസ്രായേൽജനത്തിന്റെ വിശ്വാസത്യാഗം |
| 7:43 | ആമോസ് 5:25-27 | വിശ്വാസത്യാഗത്തിത്തിന്റെ പരിണിതഫലം |
| 7:49-50 | യെശയ്യാവ് 66:1-2 | ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ദൈവം |
| 8:32-33 | യെശയ്യാവ് 53:7-8 | ക്രിസ്തു അനുഭവിച്ച കഷ്ടം |
| 13:22 | 1ശമൂവേൽ 13:14 | ദൈവത്തിനു ബോധിച്ച പുരുഷൻ |
| 13:33 | സങ്കീർത്തനം 2:7 | ദൈവപുത്രനെക്കുറിച്ചുള്ള നിർണ്ണയം |
| 13:34 | യെശയ്യാവ് 55:3 | ദാവീദിന്റെ നിശ്ചലകൃപകൾ |
| 13:35 | സങ്കീർത്തനം 16:10 | പുനരുത്ഥാനം ചെയ്ത ക്രിസ്തു |
| 13:40-41 | ഹബക്കൂക് 1:5 | വീണ്ടെടുപ്പെന്ന അതിശയകരമായ പ്രവൃത്തി |
| 13:47 | യെശയ്യാവ് 49:6 | സകലമനുഷ്യരുടെയും വെളിച്ചം |
| 15:16-18 | ആമോസ് 9:11-12 | യെഹൂദന്റെയും ജാതികളുടെയും രക്ഷ |
| 23:5 | പുറപ്പാട് 22:18 | അധികാരികളെ ദുഷിക്കരുത് |
| 28:26-27 | യെശയ്യാവ് 6:9-10 | കേട്ടിട്ടു ഗ്രഹിക്കാത്തവരും; കണ്ടിട്ടു കാണാത്തവരും |